# സന്നദ്ധ സന്ദേശം

VOL. 19 • ISSUE: 05 / MAY 2021




## നർമ്മത്തിലൂടെ കർമ്മത്തിന്റെ ചിന്തകൾ കൊരുത്ത വലിയ ഇടയന് പ്രണാമം...



ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ
മെത്രാപ്പോലീത്തായ്ക്ക് സന്നദ്ധ സുവിശേഷക സംഘത്തിന്റെ പ്രണാമം

## ജന്മദിനാശംസകൾ



ഡോ. തോമസ് മാർ തീത്തൂസ്
എപ്പിസ്കോപ്പാ
(മെയ് 10)

# ഉള്ളടക്കം


2021

സന്നദ്ധ സന്ദേശം

VOL. 19 • ISSUE: 05

MAY



- 4 **പ്രസിഡന്റിന്റെ സന്ദേശം**
- 6 **ജനറൽ സെക്രട്ടറിയുടെ കത്ത്**
- 8 **എഡിറ്റോറിയൽ**
- 9 **പഠനം**
  റൈറ്റ് റവ. ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ
- 12 **കോവിഡ് കാലഘട്ടം: സഭയുടെ ദൗത്യം**
  എ. എം. എം. വിദ്യാർത്ഥികൾ
- **പ്രസംഗക്കുറിപ്പുകൾ**
  - 16 **പ്രസംഗക്കുറിപ്പ്– മെയ് 09 ഞായർ**
    റവ. ഡോ. പി. പി. തോമസ്
  - 19 **പ്രസംഗക്കുറിപ്പ്– മെയ് 16 ഞായർ**
    റവ. ഫിലോമോൻ കോശി
  - 23 **പ്രസംഗക്കുറിപ്പ്– മെയ് 23 ഞായർ**
    റവ. ആഷിഷ് തോമസ്
  - 26 **പ്രസംഗക്കുറിപ്പ്– മെയ് 31 ഞായർ**
    റവ. അലക്സ് മൈലച്ചൽ
  - 29 **പ്രസംഗക്കുറിപ്പ്– ജൂൺ 6 ഞായർ**
    പ്രൊഫ. പി. ജി. ഫിലിപ്പ്
- 31 **അതിജീവനത്തിന്റെ പാതയിൽ**
  ഡോ. ഷൈനി തോമസ്



**എഡിറ്റോറിയൽ ബോർഡ്**

- ചെയർമാൻ :
  **റൈറ്റ്. റവ. ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ**
- മാനേജിംഗ് എഡിറ്റർ :
  **റവ. മാത്യു ജോൺ**
- ചീഫ് എഡിറ്റർ :
  **റവ. രാജു തോമസ്**
- ബോർഡ് അംഗങ്ങൾ :
  **മാത്യൂസ് ജെ. ഒച്ചാരുകുന്നിൽ, സി.റ്റി.ജോൺ, ജോർജ്ജ് ഈപ്പൻ കല്ലാകുന്നേൽ, ബിനു ജോൺ, മത്തായി ഡാനിയൽ, സി.എസ്.വർഗീസ്**
- പ്രസിദ്ധീകരണ സമിതി
  **റൈറ്റ്. റവ. ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ**
  **മാത്യൂസ് ജെ. ഒച്ചാരുകുന്നിൽ, സി.റ്റി.ജോൺ, ജോർജ്ജ് ഈപ്പൻ കല്ലാകുന്നേൽ**
  **പ്രകാശ് പനവേലി, അന്നമ്മ തോമസ്**



**MAR THOMA VOLUNTARY EVANGELISTS' ASSOCIATION**
Kompadi, Manjadi P.O, Thiruvalla 689 105,
E-mail : mtvea@rediffmail.com
Website : www.mtvea.org, Ph: **0469 2602907**



വാർഷികവരിസംഖ്യ : **150/– രൂപ**

ആയുഷ്കാല വരിസംഖ്യ : **1250 രൂപ** (20 വർഷത്തേക്ക്)
വിദേശത്തേക്കുള്ള പോസ്റ്റേജ് : **1000 രൂപ** (പ്രതിവർഷം)

Page layout & Cover Design:
Crayons Media, 9495901381, crayonsmediatvla@gmail.com

Printing: Mar Thoma Press, Thiruvalla,Tel : 0469 2741191



# മുറിവേറ്റ ലോകത്തിനു സൗഖ്യം നൽകുന്ന പരിശുദ്ധാത്മാവ്

'പരിശുദ്ധാത്മാവേ, മുറിവേറ്റ ലോകത്തിന് സൗഖ്യം നൽകണമേ' എന്ന പ്രാർത്ഥന എല്ലാവരുടെയും ഹൃദയത്തിന്റെ പ്രാർത്ഥനയായി രൂപപ്പെടേണ്ട ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. മുറിവേറ്റവരുടെ എണ്ണം ഇന്ന് കൂടിവന്നുകൊണ്ടിരിക്കുന്നു. മുറിവേൽപ്പിക്കുന്നവരുടെ എണ്ണവും പെരുകിക്കൊണ്ടിരിക്കുന്നു. അങ്ങനെ ലോകം തന്നെ മുറിവുകളുടെ ഒരു ലോകമായി പരിണമിച്ചു കൊണ്ടിരിക്കുകയാണ്. അഴിമതിയും അക്രമങ്ങളും ഇന്നു സമൂഹത്തിൽ വലിയ മുറിവുകളാണ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. ഇന്ന് പരിസ്ഥിതിയുടെ മുറിവുകൾ ഭൂമിയുടെ തന്നെ മുറിവുകളായി മാറിയിരിക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. ദൈവത്തിന്റെ പരിശുദ്ധാത്മാവിനു മാത്രമേ നമ്മുടെ മുറിവുകളെ പൂർണ്ണമായും സുഖപ്പെടുത്തുവാൻ കഴിയുകയുള്ളൂ. ദൈവം തന്റെ പരിശുദ്ധാത്മാവിലൂടെ ലോകത്തിന്റെ മുറിവുകൾ സൗഖ്യമാക്കുവാൻ ശ്രമിക്കുന്നത് നമ്മെ ഓരോരുത്തരെയും ഈ സൗഖ്യദായക ശുശ്രൂഷയിൽ പങ്കാളികളാക്കിക്കൊണ്ടാണ്. ഒരിക്കൽ ഒരു യുദ്ധത്തിൽ ക്രിസ്തുവിന്റെ ഒരു പ്രതിമയുടെ രണ്ടു കരങ്ങളും തകർന്നുപോയി. പള്ളിയുടെ സമീപത്തായി തന്റെ അടുക്കലേക്ക് കരങ്ങൾ നീട്ടി എല്ലാവരെയും ക്ഷണിച്ചു കൊണ്ടു നിൽക്കുന്ന രൂപത്തിലുള്ള ക്രിസ്തുവിന്റെ പ്രതിമയുടെ കരങ്ങളാണ് തകർക്കപ്പെട്ടത്. യുദ്ധമെല്ലാം കഴിഞ്ഞ് സമാധാനത്തിന്റെ അന്തരീക്ഷം നിലവിൽ വന്നപ്പോൾ ആ പ്രതിമ പുനഃസ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചനകൾ നടന്നു. പുതിയൊരു പ്രതിമ

സ്ഥാപിക്കുന്നതാണ് നല്ലത് എന്ന് ചിലർ അഭിപ്രായപ്പെട്ടു. മറ്റ് ചിലർ അഭിപ്രായപ്പെട്ടത് തകർന്നുപോയ രണ്ടു കരങ്ങൾക്കു പകരം പുതിയ രണ്ടു കരങ്ങൾ നിർമ്മിച്ച് പഴയ പ്രതിമയോട് കൂട്ടിച്ചേർത്ത് പഴയ മാതൃകയിൽ തന്നെ പ്രതിമ സ്ഥാപിക്കണമെന്നായിരുന്നു. എന്നാൽ വേറെ ചിലർ അഭിപ്രായപ്പെട്ടത് രണ്ടു കരങ്ങൾ നഷ്ടപ്പെട്ട അവസ്ഥയിൽ തന്നെ ആ പ്രതിമ സ്ഥാപിച്ചാൽ മതി എന്നായിരുന്നു. അവർ ഒരു കാര്യം കൂടി സൂചിപ്പിച്ചു. ആ രണ്ടു കരങ്ങളുടെ സ്ഥാനത്ത് ഒരു വാചകം എഴുതി വയ്ക്കണമെന്ന് അവർ നിർദ്ദേശിച്ചു. 'എനിക്ക് നിങ്ങളുടെ രണ്ട് കരങ്ങൾ ആവശ്യമാണ്' എന്ന് എഴുതിവയ്ക്കണമെന്നാണ്.

യേശു തന്റെ പരസ്യശുശ്രഷയ്ക്ക് തുടക്കം കുറിച്ചത്, യോർദ്ദാനിൽ സ്നാപകയോഹന്നാനിൽ നിന്നും സ്നാനം സ്വീകരിച്ചതിനുശേഷം നാൽപ്പതു ദിവസം മരുഭൂമിയിൽ ഉപവാസവും പ്രാർത്ഥനയും അനുഷ്ഠിച്ചതിനുശേഷമായിരുന്നു. സാത്താന്റെ പരീക്ഷകളെ ദൈവവചനം കൊണ്ടും പ്രാർത്ഥനയുടെ പിൻബലം കൊണ്ടുമാണ് യേശു അതിജീവിച്ചത്. യേശു ഗലീലയിലേക്ക് കടന്നു ചെല്ലുന്നത് ആത്മാവിന്റെ ശക്തിയോടെയാണ്. 'യേശു ആത്മാവിന്റെ ശക്തിയോടെ ഗലീലയിലേക്ക് മടങ്ങിച്ചെന്നു. അവന്റെ ശ്രുതി ചുറ്റുമുള്ള നാട്ടിലെങ്ങും പരന്നു. അവൻ അവരുടെ പള്ളികളിൽ ഉപദേശിച്ചു; എല്ലാവരും അവനെ പ്രശംസിച്ചു' (വി. ലൂക്കൊ. 4:14,15). യേശുവിന്റെ പരസ്യശുശ്രൂഷ മുറിവുണക്കുന്ന ശുശ്രൂഷയായിരുന്നു. പരിശുദ്ധാത്മാവിന്റെ ശക്തി ക്രിസ്തുവിലൂടെ ചുറ്റുപാടുകളിലേക്ക് പ്രസരിക്കുകയായിരുന്നു. നസ്രേത്തിലെ പള്ളിയിൽ ചെന്ന് യേശു യെശയ്യാവിന്റെ പ്രവചന ഭാഗം വായിച്ചതിനെ യേശുവിന്റെ നയപ്രഖ്യാപനമായിട്ടാണ് വിലയിരുത്താറുള്ളത്. 'നസ്രേത്ത് മാനിഫെസ്റ്റോ' എന്നാണ് അത് അറിയപ്പെടുന്നത്. താൻ നിർവ്വഹിക്കുവാൻ പോകുന്ന മുറിവുണക്കൽ ശുശ്രൂഷയുടെ വിവിധ മുഖാന്തിരങ്ങളെക്കുറിച്ച് യേശു അവിടെ പ്രഖ്യാപിക്കുകയായിരുന്നു. 'അവൻ വളർന്ന നസ്രെത്തിൽ വന്നു: ശബ്ബത്തിൽ തന്റെ പതിവുപോലെ പള്ളിയിൽ ചെന്നു വായിപ്പാൻ എഴുന്നേറ്റു നിന്നു. യെശയ്യാ പ്രവാചകന്റെ പുസ്തകം അവന് കൊടുത്തു; അവൻ പുസ്തകം വിടർത്തി: 'ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെമേൽ ഉണ്ട്; ബദ്ധന്മാർക്ക് വിടുതലും കുരുടന്മാർക്ക് കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു' എന്ന് എഴുതിയിരിക്കുന്ന സ്ഥലം കണ്ടു. പിന്നെ അവൻ പുസ്തകം മടക്കി ശുശ്രൂഷക്കാരനു തിരികെ കൊടുത്തിട്ട് ഇരുന്നു; പള്ളിയിലുള്ള എല്ലാവരുടെയും കണ്ണ് അവങ്കൽ പതിഞ്ഞിരുന്നു. അവൻ അവരോട്: ഇന്നു നിങ്ങൾ എന്റെ വചനം കേൾക്കയിൽ ഈ തിരുവെഴുത്തിനു നിവൃത്തി വന്നിരിക്കുന്നു എന്നു പറഞ്ഞു തുടങ്ങി' (വി. ലൂക്കൊ. 4:16-21). ഈ നിസ്തുല്യ ദൗത്യം നിറവേറ്റാൻ തനിക്കുള്ള അധികാരവും ബലവും എവിടെനിന്ന് എന്ന് സംശയിക്കുന്ന എല്ലാവർക്കുമുള്ള മറുപടിയാണ് 'കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്' എന്ന് പ്രഖ്യാപനം. മുറിവുണക്കുന്ന ശുശ്രൂഷയിൽ പങ്കാളികളാകുവാൻ നമുക്കു കഴിയണമെങ്കിൽ പരിശുദ്ധാത്മ ശക്തി നമ്മിൽ വ്യാപരിക്കേണ്ടതായിട്ടുണ്ട്.

ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത് മുറിവുകൾ സൃഷ്ടിക്കുന്നവരായി നാം തീരണമെന്നല്ല പിന്നെയോ മുറിവുകൾ സൗഖ്യമാക്കുന്ന ദൈവത്തിന്റെ പദ്ധതിയിൽ പങ്കാളികളാകണമെന്നാണ്. ആദിമ സഭ ഒരു മുറിവേറ്റ സഭയായിരുന്നു. ദമസ്കോസിന്റെ പടിവാതിൽക്കലേക്ക് ശൗൽ വന്നതുപോലും ക്രിസ്തുമാർഗ്ഗക്കാരെ മുറിവേൽപ്പിക്കുവാനായിരുന്നു. എന്നാൽ ക്രിസ്തുവിന്റെ വിളിയിൽ ശൗൽ രൂപാന്തരപ്പെട്ട് അപ്പസ്തോലനായ വിശുദ്ധ പൗലോസായി മാറുമ്പോൾ പൗലോസ് മുറിവേൽപ്പിക്കുന്നവൻ എന്ന സ്ഥാനത്തു നിന്ന് മുറിവുണക്കുന്നവൻ എന്ന അവസ്ഥയിലേക്ക് രൂപപ്പെടുകയാണ്. അങ്ങനെ ആദിമസഭയെ മുറിവേൽപ്പിക്കുവാൻ മുന്നണിപ്പോരാളിയായി നിന്ന ശൗൽ ആദിമസഭയുടെ മുറിവുണക്കുന്ന ശുശ്രൂഷയിൽ മുന്നണിപ്പോരാളിയായി മാറുകയാണ്. നമ്മിലും ഇപ്രകാരമൊരു രൂപാന്തരം വരേണ്ടതിനായി നമുക്കു പ്രാർത്ഥിക്കാം.

**റൈറ്റ് റവ.ഡോ. ഗ്രീഗോറിയോസ്**
**മാർ സ്തേഫാനോസ്**
**എപ്പിസ്കോപ്പാ**

തിരുവല്ല
25.04.2021



# ജനറൽ
## സെക്രട്ടറിയുടെ കത്ത്

കർത്താവിൽ പ്രിയരേ,

ഈ ലക്കം സന്ദേശത്തിന്റെ പഠനവിഷയം 'പരിശുദ്ധാത്മാവേ, മുറിവേറ്റ ലോകത്തെ സൗഖ്യമാക്കേണമേ'. നാം ജീവിക്കുന്ന ലോകം മുറിവുകളുടെ ലോകമാണ്. കോവിഡ് -19 ഉയർത്തുന്ന ഭീഷണി ശ്വാസം കിട്ടാതെ മരിച്ചു വീഴുന്ന മനുഷ്യ സമൂഹം. മനുഷ്യന്റെ അനാസ്ഥയും ഭരണ സംവിധാനങ്ങളിലെ കാര്യക്ഷമതയില്ലായ്മയും നമ്മുടെ രാജ്യം ഒരു തകർച്ചയുടെ വാക്കിൽ എത്തിയിരിക്കുന്നു. കോവിഡ് ആശുപത്രികളിൽ ആവർത്തിക്കുന്ന തീ പിടിത്തവും ഓക്സിജൻ വിതരണത്തിലെ പാളിച്ചകളും സംസ്ഥാനങ്ങൾക്ക് വെല്ലുവിളിയാവുകയാണ്. ജീവിതത്തിനും മരണത്തിനുമിടയിലുള്ള നൂൽപാലത്തിലൂടെ നിൽക്കുന്ന രോഗികൾക്ക് ജീവവായു നൽകേണ്ടവർ, രാഷ്ട്രീയം പറഞ്ഞ് മരണത്തിലേക്ക് അനേകരെ തള്ളിവിടുന്ന കാഴ്ച എത്ര ദയനീയമാണ്. സാമൂഹ്യ അകലവും മാസ്കും സാനിറ്റൈസറും രോഗപ്രതിരോധത്തിന് ഉപകരിക്കുമെന്ന് പറയുന്നുവെങ്കിലും രോഗശമനം ഉണ്ടാകുന്നില്ല. മരണമടഞ്ഞവർക്ക് മരണാനന്തര ചടങ്ങുപോലും ലഭിക്കാതെ മറവു ചെയ്യുന്നു. മൃതശരീരങ്ങൾ കൂട്ടിയിട്ട് കത്തിക്കുന്നു. മനുഷ്യനിലുള്ള ആർദ്രത, കരുണ, കനിവ് ഇവ നഷ്ടപ്പെടുന്നുവോ? ഇവിടെയാണ് ഈ പ്രാർത്ഥനയുടെ സാംഗത്യം. വി. വേദപുസ്തകത്തിൽ മുറിവേറ്റ മനുഷ്യരുടെയും ദേശത്തിന്റെയും മുറവിളി നാം കാണുന്നുണ്ട്. യിസ്രായേൽ സമൂഹം അടിമകളായി മിസ്രയിമിൽ പാർത്തു. കഠിനയാതന, ഭക്ഷണത്തിന്

ക്ഷാമം. ജീവിതം ദുഃസഹമായിത്തീർന്ന സാഹചര്യത്തിൽ നിലവിളി അല്ലാതെ മാർഗ്ഗമൊന്നുമില്ലായിരുന്നു. മോശയുടെ നേതൃത്വം – കൈകൾ ഉയർത്തിപ്പിടിച്ച പ്രാർത്ഥനകൾ, മുറിവുകളെ സൗഖ്യമാക്കുവാൻ സാധിച്ചു.

പ്രവാസ സമൂഹമായി ബാബിലോണിൽ പാർത്ത യിസ്രായേൽ ജനതയുടെ വേദനകളിൽ നൊന്തു പ്രവചിച്ച യെഹസ്കേൽ വേദനയുടെ മണൽക്കാട്ടിൽ നിൽക്കുമ്പോൾ ചോദിക്കുന്ന ചോദ്യം ശ്രദ്ധേയമാണ്. മനുഷ്യപുത്രാ ഈ അസ്ഥികൾ ജീവിക്കുമോ? (യെഹ. 37:1–14).

ചിന്നിചിതറിയ ഒരു സമൂഹത്തിൽ മാംസവും മജ്ജയും ഇല്ലാത്ത ഒരു ജനതയുടെ ഇടയിൽ പ്രവാചകൻ പ്രവർത്തിച്ചു. ദൈവാത്മാവ് പ്രവാചകനോട് ചോദിക്കുന്നു. മനുഷ്യപുത്രാ, ഈ അസ്ഥികൾ ജീവിക്കുമോ? Son of man, can these bones lives? Lord God, you know. മനുഷ്യബുദ്ധിക്കും ചിന്തയ്ക്കും അസാദ്ധ്യമെന്നു തോന്നുന്ന അനുഭവം. പക്ഷേ പ്രവാചകന്റെ മറുപടി യഹോവയായ കർത്താവ് അറിയുന്നു. ദൈവത്തിൽ വിശ്വാസമർപ്പിച്ച് പറയുന്നത് സാഹചര്യങ്ങളെ രൂപാന്തരപ്പെടുത്തുവാൻ കഴിയുന്ന ദൈവം സൃഷ്ടിയുടെ ആരംഭത്തിൽ ക്രമരഹിതമായി പാഴും ശൂന്യവുമായ പ്രപഞ്ചത്തെ ക്രമമുള്ളതാക്കി മാറ്റി. ബാബേൽ ഗോപുരനിർമ്മിതിയിൽ അഹന്തയുടെ ഉയരത്തിൽ കഴിഞ്ഞ ജനതയെ ചിതറിച്ച ദൈവത്തിന്റെ ആത്മാവ് പുതിയനിയമത്തിൽ ചിതറിയ സമൂഹത്തെ ഒരുമിപ്പിച്ച് നിർത്തിയ ദൈവാത്മാവ്, ചിതറിയ അസ്ഥികളെ കൂട്ടിച്ചേർത്ത് സൈന്യമായി നിർത്തുവാൻ ശക്തനാണെന്ന് പഠിപ്പിക്കുന്നു. ദൈവീക നിയോഗത്തിന് വിധേയപ്പെടുമ്പോൾ ചിതറിയത് ഒരുമിക്കും. മുറിവുകൾ പൊറുക്കും. ദൈവജനമെന്ന് നിലയിൽ വിശ്വാസ സമൂഹത്തിന്റെ ദൗത്യം എന്ത്? മുറിവേറ്റ ലോകത്തിന് സൗഖ്യമാകണമെങ്കിൽ ദൈവത്തിന്റെ ആത്മാവിന് വിധേയപ്പെടണം. ചൈതന്യമില്ലാത്തതിന് ജീവൻ പകരുന്ന മരണത്താഴ്വരകളെ ജീവന്റെ പനിനീർ പൂക്കളായി മാറ്റുവാൻ കഴിയുന്ന ദൈവാത്മാവിന് വിധേയപ്പെടാം. പാറക്ലീത്ത എന്ന ഗ്രീക്ക് പദത്തിൽ ഉൾക്കൊള്ളുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനം നമ്മെ ചില അനുഭവങ്ങളിലേക്ക് നടത്തും. സഹായിക്കുന്നവനും വാദിക്കുന്നവനുമായ പരിശുദ്ധാത്മാവ് നമ്മുടെ മദ്ധ്യസ്ഥൻ, സൗഖ്യദായകൻ, അതിനാൽ നമുക്ക് പ്രാർത്ഥിക്കാം പാറക്ലീത്ത ആകുന്ന ആത്മാവേ മുറിപ്പെട്ട ലോകത്തിന് സൗഖ്യദായകനാകണമേ.

കോവിഡിന്റെ രണ്ടാം വരവ് ലോകത്തെ ആകമാനം പരിഭ്രാന്തിയിലാക്കിയിരിക്കുന്നു. മനുഷ്യന്റെ അഹന്തകൾക്കും കണക്കുകൂട്ടലുകൾക്കും മുന്നിൽ നാം ഏതുമില്ല എന്ന് തെളിയിച്ചിരിക്കുന്നു. ഈ കാലം നമ്മെ ഓർമ്മിപ്പിക്കുന്നത് ഏകാരോഗ്യം, ഏകലോകം എന്നതായിരിക്കണം. വിഭജനങ്ങൾക്കു പകരം വീട്ടലുകൾക്കും യാതൊരു സാംഗത്യവുമില്ല. മനുഷ്യന്റെ ആരോഗ്യം അതിന് നമുക്കൊരുമിച്ച് കൈകോർക്കാം. പ്രാർത്ഥിക്കാം.

സംഘത്തിന്റെ വാർഷികവും തിരഞ്ഞെടുപ്പും നടത്തുവാനുള്ള ക്രമീകരണങ്ങളിൽ വീണ്ടും തടസ്സങ്ങൾ ഉണ്ടാകുന്നു. ഗവണ്മെന്റ് പ്രോട്ടോക്കോൾ അനുസരിച്ച് കൂടിവരവിനും മീറ്റിംഗുകൾ ക്രമീകരിക്കുന്നതിനും തടസ്സങ്ങൾ ഉണ്ടല്ലോ. പ്രാർത്ഥിക്കണം. സംഘത്തിന്റെ സാമ്പത്തിക ആവശ്യങ്ങൾ മനസ്സിലാക്കി ഇടവകകൾ സ്തോത്രകാഴ്ചകൾ സംഘം ഓഫീസിൽ അയയ്ക്കുവാൻ ശ്രദ്ധിക്കണമേ. പെട്ടെന്ന് ഉണ്ടായ ലോക്ഡൗണും രോഗവ്യാപനവും മാസിക തയ്യാറാക്കുന്നതിൽ ചില പ്രതിസന്ധികൾ ഉണ്ടായി. അതിനാൽ ഓൺലൈനായി അയയ്ക്കുന്നു. അടുത്ത ലക്കം എല്ലാവർക്കും കൃത്യസമയത്ത് തന്നെ അയയ്ക്കുവാനുള്ള ക്രമീകരണം ചെയ്യുന്നതാണ്.

മെയ് മാസത്തിൽ ആരംഭിക്കുവാൻ നിശ്ചയിച്ചിരുന്ന ക്ലാസുകൾ അടുത്ത മാസത്തിലേക്ക് മാറ്റിവയ്ക്കുകയാണ്. പ്രാർത്ഥിക്കുക. സൗഖ്യദായകനായ ദൈവം നമ്മെ സൗഖ്യത്തിലേക്ക് നയിക്കട്ടെ.

പ്രാർത്ഥനയോടെ

**റവ. മാത്യു ജോൺ**



EDITORIAL

# എഡിറ്റോറിയൽ



**റവ. രാജു തോമസ് മണക്കോട്**
ചീഫ് എഡിറ്റർ

നീയൊന്നു തൊട്ടാൽ സൗഖ്യം വരും
നീയൊന്നു നോക്കിയാൽ സൗഖ്യം വരും
നിന്നടിപ്പിണരിൽ നിന്നൊഴുകുന്നു ചുടുരക്തം
സൗഖ്യമാക്കും എന്നെ ശുദ്ധമാക്കും.

കർത്താവെ ഒരു കുഞ്ഞു വൈറസിനു മുന്നിൽ ഞങ്ങൾ
എത്ര ചെറുതായിപ്പോയി എന്ന് ഞങ്ങൾ തിരിച്ചറിയുന്നു
അഹന്തയുടെ മേൽക്കൂരകളിൽ നിന്ന്
വിളിച്ചു കൂവിയ ഞങ്ങൾ
ഇന്നിതാ പൊടിയോളം താഴുന്നു
അറിവാണ് എല്ലാത്തിനും ഉത്തരം എന്ന്
സ്വയം ചിന്തിച്ച ഞങ്ങൾ
ഒരു കുഞ്ഞു വൈറസിനു മുന്നിൽ
അറിവില്ലാതെ കേഴുന്നു
എരിഞ്ഞടങ്ങുന്ന ചിതകൾക്കരികിൽ
ഉയരുന്നത് നിസ്സഹായതയുടെ നിലവിളിയാണ്
ഞങ്ങളുടെ കണ്ണുകൾ ശൂന്യതകളിലേക്കും
നിസ്സഹായതയുടെ പർവ്വതങ്ങളിലേക്കും ഉയരുകയാണ്
അനുവാദമില്ലാതെ ഉപയോഗിച്ച ഓക്സിജൻ
ഇന്ന് എവിടെയെന്ന് ചോദിക്കുന്ന ഞങ്ങൾ
ജീവന്റെ നിലനില്പിനായി വാക്സിൻ തേടുന്ന ഞങ്ങൾ
നിത്യജീവനായ് ഒന്നും ചെയ്തില്ലല്ലോ
ആരെയും ഭയപ്പെടാതെ ജീവിച്ച ഞാനിന്നു
ഭയത്തിന്റെ നടുക്കടലിൽ അമരം
തകർന്ന നാവികനെപ്പോലെയുഴലുന്നു
ഭയം മാത്രമുള്ളിൽ ഭയം മാത്രം
ബാങ്ക് ബാലൻസുകളിൽ മനസ്സുറപ്പിച്ച ഞങ്ങൾ
ഇന്ന് ജീവനെങ്കിലും ബാലൻസ് ഉണ്ടാകുമോ
എന്ന് ഭയപ്പെടുന്നു
അഹന്തകളെ പൊറുക്കണമെ ദൈവമേ
പാപങ്ങളെ ഞങ്ങളോട് ക്ഷമിക്കണമേ
ഈ ഭൂമിയെ അങ്ങ് തൊടേണമെ
ഈ ഭൂമിക്ക് അങ്ങ് സൗഖ്യം നൽകണമെ
ഉയരുന്ന നിലവിളികൾ നിലക്കട്ടെ
എരിയുന്ന തിരകൾ കെട്ടടങ്ങട്ടെ
പുതിയൊരു ഭൂമിക്കായ് ഞങ്ങൾ കാത്തിരിക്കുന്നു
ഞങ്ങൾ സൗഖ്യം തരു നാഥാ ഈ ഭൂമിക്ക് സൗഖ്യം തരൂ.

●●● പഠനം



# പരിശുദ്ധാത്മാവേ, മുറിവേറ്റ ലോകത്തിന് സൗഖ്യം നൽകേണമേ

*'എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു; നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി; അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നിരിക്കുന്നു' (യെശ. 53:5).*

മുറിവേറ്റ ലോകത്തിനു സൗഖ്യമായിത്തീരുവാൻ, നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ സ്വയം ഏറ്റുവാങ്ങി തന്റെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം നൽകിയവനാണ് ക്രിസ്തു. യേശുവിന്റെ പരസ്യശുശ്രൂഷയെക്കുറിച്ച് സുവിശേഷങ്ങൾ പ്രതിപാദിക്കുന്നിടത്തെല്ലാം നാം കാണുന്നത് മറ്റുള്ളവരുടെ മുറിവുണക്കുവാൻ മനസ്സലിയുന്ന ക്രിസ്തുവിനെയാണ്. അതുകൊണ്ട് ഇന്നും മുറിവേറ്റ ലോകത്തിനു സൗഖ്യത്തിന്റെ പ്രത്യാശയും പ്രത്യാശയുടെ സൗഖ്യവും നൽകുന്നത് ക്രിസ്തുവാണ്.



**റൈറ്റ് റവ. ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ**

നാം ജീവിക്കുന്ന ലോകം മുറിവുകളുടെ ലോക

മാണ്. പ്രശസ്ത കലാകാരനായ സൂര്യകൃഷ്ണ മൂർത്തി തന്റെ ആത്മകഥാപരമായ അനുഭവങ്ങളും നിരീക്ഷണങ്ങളും കുറിപ്പുകളായി എഴുതിയ പുസ്തകത്തിനു കൊടുത്ത പേരു തന്നെ 'മുറിവുകൾ' എന്നാണ്. ഈ പുസ്തകത്തിന്റെ ആമുഖത്തിൽ അദ്ദേഹം എഴുതി 'ആത്മ നൊമ്പരത്തിന്റെ ഈ കഥകളിൽ എന്റെ കണ്ണുനീരിന്റെ ഉപ്പും നനവും പുരണ്ടിട്ടുണ്ട്. അതുകൊണ്ട്, ഈ കഥകൾക്ക് 'മുറിവുകൾ' എന്ന നാമകരണം ചെയ്യുന്നു'വെന്ന്. കണ്ണുനീരു പൊടിയുന്ന മുറിവുകളുമായി ജീവിക്കുന്നവർ അനേകരുണ്ട് പലരേയും നാം തിരിച്ചറിയുന്നില്ല എന്നുമാത്രം. മുറിവേറ്റവരിലേക്ക് മുറിവുണക്കുന്ന ഔഷധമായി കടന്നു ചെല്ലുവാനാണ് സഭയെക്കുറിച്ചും നമ്മെക്കുറിച്ചും ദൈവം ആഗ്രഹിക്കുന്നത്.

**മുറിവുകളുടെ വർത്തമാനകാല സമസ്യകൾ**

ഇന്ന് ലോകമാസകലം മാനവരാശിയാകമാനം അനുഭവിക്കുന്ന മുറിവാണ് കോവിഡ് -19 എന്ന മഹാമാരി. ഈ മഹാമാരിയുടെ സംഹാരതാണ്ഡവത്തിൽ പൊലിഞ്ഞു പോകുന്ന ജീവിതങ്ങളുടെ എണ്ണം ഇന്നു പെരുകിക്കൊണ്ടിരിക്കുകയാണ്. രോഗവ്യാപനത്തിന്റെ രണ്ടാം ഘട്ടത്തെക്കുറിച്ചുള്ള വാർത്തകൾ എല്ലാവരെയും ഭീതിയിലാഴ്ത്തിക്കൊണ്ടിരിക്കുകയാണ്. പലപ്പോഴും രോഗക്കിടക്കയിലായിരിക്കുന്ന അവസ്ഥ വരുമ്പോഴും നമുക്ക് ആശ്വാസം പകരുന്നത് കുടുംബാംഗങ്ങളുടെയും പ്രിയപ്പെട്ടവരുടെയും സാന്നിദ്ധ്യവും സാന്ത്വനവും പരിചരണവുമാണ്. എന്നാൽ കോവിഡ് 19 എന്ന രോഗം ഒരാളെ ബാധിച്ചു കഴിയുമ്പോൾ പ്രിയപ്പെട്ടവർ പോലും അകറ്റി നിർത്തപ്പെടുമ്പോൾ സ്വാഭാവികമായും ഒറ്റപ്പെടലിന്റെ അനുഭവത്തിലേക്കാണ് ആ വ്യക്തി നയിക്കപ്പെടുന്നത് എന്നതൊരു യാഥാർത്ഥ്യമാണ്. ഒരു മനുഷ്യന്റെ ജീവിതത്തിൽ സംഭവിക്കാവുന്ന ഏറ്റവും വലിയ മുറിവാണ് ഒറ്റപ്പെടലിന്റെ മുറിവ്. പ്രിയപ്പെട്ടവർക്കും ആരോഗ്യപരമായ കാരണങ്ങളാൽ സാമൂഹ്യ അകലം പാലിക്കേണ്ടതായി വരുമ്പോൾ അനുഭവിക്കേണ്ടിവരുന്ന മാനസികമായ മുറിവിന്റെ വേദനയും തീവ്രം തന്നെയാണ്. ഈ കാലഘട്ടത്തിൽ മരണമടഞ്ഞവരിൽ പലർക്കും യഥാർത്ഥത്തിൽ അവർക്ക് ലഭിക്കേണ്ട മരണാനന്തര ശുശ്രൂഷകൾ പോലും വേണ്ടരീതിയിൽ ലഭിക്കാതെ വന്നു എന്ന അവസ്ഥ തന്നെ എത്രയോ വേദനാജനകമാണ്!

നമ്മുടെ സാമൂഹ്യരാഷ്ട്രീയ മേഖലകളിൽ മുറിവുണക്കുന്നവരുടെ എണ്ണം കുറയുകയും മുറിവേൽക്കുന്നവരുടെയും മുറിവേൽപ്പിക്കുന്നവരുടെയും എണ്ണം പെരുകുകയും ചെയ്തുകൊണ്ടിരിക്കുന്നതിന്റെ മുറിവുകൾ സമൂഹമാകമാനം ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. വ്യക്തിഹത്യയിൽ അഭിരമിക്കുന്നവർ മറ്റുള്ളവരിൽ സൃഷ്ടിക്കുന്ന മുറിവുകൾ തീവ്രവും ഗുരുതരവുമാണ്. എല്ലാ കാലഘട്ടങ്ങളിലും രാഷ്ട്രീയത്തിൽ വ്യത്യസ്ത അഭിപ്രായക്കാർ ഉണ്ടായിട്ടുണ്ടെങ്കിലും അവർ അവരുടെ തനതായ ദർശനങ്ങളിൽ മുറുകെപ്പിടിക്കുമെങ്കിലും മറുഭാഗത്തുള്ളവരോടും ആദരവോടുകൂടിത്തന്നെ ഇടപെടുമായിരുന്നു. എന്നാൽ ഇന്ന് അപരന്റെ സ്വരം അപസ്വരമായി കണ്ട് അപരനെത്തന്നെ ഇല്ലാതാക്കി വ്യത്യസ്ത സ്വരങ്ങളെ നിർമ്മാർജ്ജനം ചെയ്യുവാനാണ് പലരും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇതൊരു ദുരവസ്ഥ തന്നെയാണ്. ഈ ദുരവസ്ഥ സമൂഹമനസിന്റെ തന്നെ മുറിവാണ്. എന്നാൽ നമ്മുടെ മുറിവുകളെയും മുറിവുകളുടെ വേദനയെയും അറിയുന്ന ഒരു കർത്താവ് നമ്മുടെ കൂടെ ഉണ്ട് എന്നതാണ് നമ്മുടെ ഏകപ്രതീക്ഷയും പ്രത്യാശയും.

> **"**
>
> **മുറിവേറ്റ ക്രിസ്തുവിലൂടെ മാത്രമേ മുറിവുണക്കുവാൻ കഴിയുകയുള്ളൂ. കർത്താവിന്റെ സഭ മുറിവേറ്റ സഭയാണ്. മുറിവേറ്റ ക്രിസ്തുവിന്റെ മുറിവേറ്റ ശരീരമായ സഭയ്ക്ക് ലോകത്തിന്റെ മുറിവുണക്കുവാൻ പരിശുദ്ധാത്മാവിലൂടെ നിശ്ചയമായും കഴിയും**

**മുറിവുകളുടെ നിലവിളി കേൾക്കുന്ന ദൈവം**

വിശുദ്ധ വേദപുസ്തകത്തിൽ ആദിയോടന്തം നിലവിളികളുടെ ദീനസ്വരം നാം കേൾക്കുന്നുണ്ട്. യിസ്രായേൽ മക്കൾ മിസ്രയിമിൽ അടിമകളായി പാർത്ത നാളുകളിൽ അവർ അനുഭവിച്ച പീഡനങ്ങൾ അനവധിയായിരുന്നു. 'കളിമണ്ണും ഇഷ്ടികയും വയലിലെ സകലവിധവേലയും സംബന്ധിച്ചുള്ള

കഠിനപ്രവൃത്തിയാലും അവരെക്കൊണ്ടു കാഠിന്യത്തോടെ ചെയ്യിച്ച സകല പ്രയത്നത്താലും അവർ അവരുടെ ജീവനെ കയ്പാക്കി' (പുറ. 1:14). ജീവിതം ദുസ്സഹമായിത്തീർന്ന വേളയിൽ യിസ്രായേൽ മക്കൾക്ക് നിലവിളിക്കുവാനല്ലാതെ മറ്റൊന്നിനും അവർക്ക് കഴിയുമായിരുന്നില്ല. എന്നാൽ അവരുടെ രോദനം വനരോദനമായിത്തീർന്നില്ല. അവരുടെ മുറിവുകൾക്ക് സൗഖ്യം പകരുവാൻ ദൈവം ഇടപെട്ട ചരിത്രം ചരിത്രത്തിലെ മഹത്തായ വിമോചന പ്രക്രിയയുടെയും വിമോചന മുന്നേറ്റത്തിന്റെയും ചരിത്രത്തിനാണ് ഇടം കൊടുത്തത്. 'യഹോവ അരുളിച്ചെയ്തത്: മിസ്രയിമിലുള്ള എന്റെ ജനത്തിന്റെ കഷ്ടത ഞാൻ കണ്ടു; ഊഴിയ വിചാരകന്മാർ നിമിത്തമുള്ള അവരുടെ നിലവിളിയും കേട്ടു; ഞാൻ അവരുടെ സങ്കടങ്ങൾ അറിയുന്നു. അവരെ മിസ്രയിമ്യരുടെ കൈയിൽ നിന്നു വിടുവിപ്പാനും ആ ദേശത്തുനിന്നു നല്ലതും വിശാലവുമായ ദേശത്തേയ്ക്ക് പാലും തേനും ഒഴുകുന്ന ദേശത്തേയ്ക്ക് കനാന്യർ, ഹിത്യർ, അമോര്യർ, പെരിസ്യർ, ഹിവ്യർ, യെബൂസ്യർ എന്നിവരുടെ സ്ഥലത്തേയ്ക്ക് അവരെ കൊണ്ടുപോകുവാനും ഞാൻ ഇറങ്ങി വന്നിരിക്കുന്നു. യിസ്രായേൽ മക്കളുടെ നിലവിളി എന്റെ അടുക്കൽ എത്തിയിരിക്കുന്നു; മിസ്രയീമ്യർ അവരെ ഞെരുക്കുന്ന ഞെരുക്കവും ഞാൻ കണ്ടിരിക്കുന്നു' (പുറ. 3:7-9). നമ്മുടെ ദൈവം നിലവിളി കേൾക്കുന്ന ദൈവമാണ്. ചില അനുഭവങ്ങളിലെങ്കിലും ദൈവം തന്റെ വേദനകൾ അറിയുന്നില്ലേ എന്ന് ചിന്തിക്കുന്നവരുണ്ടാകാം. എന്നാൽ ചരിത്രവും കാലവും ദൈവവചനവും നമ്മെ പഠിപ്പിക്കുന്നത് നമ്മുടെ മുറിവുകളെയും ആഴത്തിലുള്ള വേദനകളെയും അറിയുന്ന ദൈവമാണ് നമ്മുടെ ദൈവമെന്ന യാഥാർത്ഥ്യമാണ്.

### നിലവിളികൾക്ക് ഉത്തരമരുളുന്ന ദൈവം

ദൈവം യിസ്രായേൽ മക്കളുടെ നിലവിളി കേൾക്കുക മാത്രമല്ല അവരുടെ മുറിവുകൾക്ക് സൗഖ്യം നൽകുവാൻ മോശയെ തിരഞ്ഞെടുത്തു നിയോഗിക്കുകയാണ് ചെയ്യുന്നത്. 'ആകയാൽ വരിക, നീ എന്റെ ജനമായ യിസ്രായേൽ മക്കളെ മിസ്രയിമിൽ നിന്ന് പുറപ്പെടുവിക്കേണ്ടതിന് ഞാൻ നിന്നെ ഫറവോന്റെ അടുക്കൽ അയയ്ക്കും' (പുറ. 3:10). പീഡനം ഏൽക്കുന്നവരെ വിടുവിക്കേണ്ടതിന് ദൈവത്തിനു ദൈവത്തിന്റേതായ പദ്ധതികൾ ഉണ്ട് എന്ന തിരിച്ചറിവ് നമുക്കുണ്ടാകേണ്ടത് ആവശ്യമാണ്. യിസ്രായേൽ മക്കളെ വിടുവിപ്പാൻ ദൈവം മോശയെ തിരഞ്ഞെടുത്തു. ദൈവം തിരഞ്ഞെടുക്കുന്നവരിലൂടെയാണ് ചരിത്രത്തെ ദൈവം രൂപപ്പെടുത്തുന്നതും രൂപാന്തരപ്പെടുത്തുന്നതും.

### കൂടെയിരുന്ന് സൗഖ്യം തരുന്ന ദൈവം

'മോശെ ദൈവത്തോട് ഫറവോന്റെ അടുക്കൽ പോകുവാനും യിസ്രായേൽ മക്കളെ മിസ്രയിമിൽ നിന്ന് പുറപ്പെടുവിപ്പാനും ഞാൻ എന്തുമാത്രമുള്ളൂ എന്നു പറഞ്ഞു. അതിന് അവൻ ഞാൻ നിന്നോടുകൂടെ ഇരിക്കും; നീ ജനത്തെ മിസ്രയീമിൽ നിന്നു കൂട്ടിക്കൊണ്ടുവരുമ്പോൾ നിങ്ങൾ ഈ പർവ്വതത്തിങ്കൽ ദൈവത്തെ ആരാധിക്കുമെന്നുള്ളത് ഞാൻ നിന്നെ അയച്ചതിന് അടയാളം ആകും എന്ന് അരുളിച്ചെയ്തു' (പുറ. 3:11,12). മോശയെ ദൈവം തിരഞ്ഞെടുത്തപ്പോൾ മോശയ്ക്കുപോലും ഈ തിരഞ്ഞെടുപ്പ് ഉൾക്കൊള്ളുവാൻ കഴിയുമായിരുന്നില്ല. 'ഞാൻ എന്തുമാത്രമുള്ളൂ' എന്ന് മോശെ ചോദിക്കുമ്പോൾ ദൈവം മറുപടി പറയുന്നത് 'ഞാൻ നിന്നോടുകൂടെ ഇരിക്കും' എന്നാണ്. ലോകത്തിന് സൗഖ്യം വരുത്തുവാനുള്ള നിയോഗം നമ്മുടെ നിയോഗമാണ്. കർത്താവിനോടു ചേർന്നു നിന്നുകൊണ്ട് പ്രവർത്തിച്ചാണ് നാം നമ്മുടെ നിയോഗം പൂർത്തീകരിക്കേണ്ടത്.

### പരിശുദ്ധാത്മാവ് നമ്മോടുകൂടെ

പരിശുദ്ധാത്മാവ് ആശ്വാസപ്രദനാണ്. ആശ്വാസപ്രദനായ പരിശുദ്ധാത്മാവിന്റെ ശക്തിയും ചൈതന്യവും ബലവുമാണ് പെന്തക്കൊസ്തുനാളിൽ സഭയ്ക്കു നൽകപ്പെട്ടത്. അപ്പൊസ്തലന്മാരുടെ പ്രവൃത്തികളുടെ പുസ്തകം യഥാർത്ഥത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവൃത്തികളുടെ പുസ്തകം കൂടിയാണ്. ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ സാന്നിദ്ധ്യം പരിശുദ്ധാത്മാവിലൂടെ അനുഭവിച്ചറിഞ്ഞ സഭയാണ് മുറിവേറ്റവർക്ക് സൗഖ്യമായി വളർന്നത്. സഭയുടെ നാഥൻ മുറിവേറ്റ ക്രിസ്തുവാണ്. മുറിവേറ്റ ക്രിസ്തുവിലൂടെ മാത്രമേ മുറിവുണക്കുവാൻ കഴിയുകയുള്ളൂ. കർത്താവിന്റെ സഭ മുറിവേറ്റ സഭയാണ്. മുറിവേറ്റ ക്രിസ്തുവിന്റെ മുറിവേറ്റ ശരീരമായ സഭയ്ക്ക് ലോകത്തിന്റെ മുറിവുണക്കുവാൻ പരിശുദ്ധാത്മാവിലൂടെ നിശ്ചയമായും കഴിയും. അതുകൊണ്ട് നമുക്ക് പ്രാർത്ഥിക്കാം 'പരിശുദ്ധാത്മാവേ, മുറിവേറ്റ ലോകത്തിനു സൗഖ്യം നൽകേണമേ'.

# കോവിഡ് കാലഘട്ടം: സഭയുടെ ദൗത്യം

എ.എം.എം. വിദ്യാർത്ഥികൾ

1918-ൽ 'സ്പാനിഷ് ഫ്ളൂ'വിൽ ആരംഭിച്ച് 2020-ലെ കോവിഡ്-19ൽ എത്തി നിൽക്കുമ്പോൾ മഹാമാരികളുടെ വിസ്മയമായ ഒരു നൂറ്റാണ്ട് തികയുകയാണ്. ചൈനയിലെ വുഹാനിൽ തുടങ്ങി ഇന്ന് ലോകം മുഴുവനും പടർന്നു പിടിച്ചുകൊണ്ടിരിക്കുന്ന കോവിഡ് -19 പുതിയ രൂപത്തിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. ഇതിന്റെ ആദ്യകാല രോഗലക്ഷണങ്ങളെ അപേക്ഷിച്ച് തികച്ചും വ്യത്യസ്തമായി ലക്ഷ



ണങ്ങളില്ലാതെ രണ്ടാം തരംഗം ഇപ്പോൾ ആഞ്ഞടിക്കുന്നു. വൻശക്തികൾ എന്ന് കരുതിയിരുന്ന രാജ്യങ്ങൾ കോവിഡിനു മുന്നിൽ പതറുകയും പിടിച്ചു നിൽക്കാൻ പുതിയ മാർഗ്ഗങ്ങൾ കണ്ടെത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അണുവിട തെറ്റാതെ കാലങ്ങളായി നമ്മൾ പാലിച്ച ശീലങ്ങളും ആചാരങ്ങളും മാറ്റുവാൻ നാം നിർബന്ധിതരായിരിക്കുന്നു. എപ്പോഴാണ് അവസാനം എന്ന് പറയുവാൻ കഴിയാത്തതിനാൽ കോവിഡിന് ഒപ്പം യാത്ര ചെയ്യുവാൻ മാത്രമേ നമുക്ക് സാധിക്കൂ എന്ന ബോധം ഇപ്പോൾ ശക്തി പ്രാപിച്ചു. അതുകൊണ്ട് കോവിഡാനന്തര ലോകത്തെക്കുറിച്ചുള്ള സ്വപ്നത്തേക്കാൾ ഇന്നത്തെ സഭയുടെ ദൗത്യത്തെക്കുറിച്ചുള്ള വിലയിരുത്തലും കൂട്ടിച്ചേർക്കലുമാണ് അനിവാര്യം.

**കോവിഡ് -19 നോടുള്ള ആത്മീയ പ്രതികരണം**

എലിസബത്ത് കൂബ്ലർ റോസിന്റെ 'One Death and Dying' എന്ന പുസ്തകത്തിൽ രോഗമുണ്ട് എന്നറിയുമ്പോഴും രോഗത്തെക്കുറിച്ച് കേൾക്കുമ്പോഴും മനുഷ്യരിലുണ്ടാകുന്ന അഞ്ച് തരത്തിലുള്ള പ്രതികരണങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ആദ്യഘട്ടം നിഷേധമാണ്. യാഥാർത്ഥ്യത്തെ അംഗീകരിക്കാതിരിക്കുക. ചില ആളുകളുടെ ആത്മീയത ഈ യാഥാർത്ഥ്യത്തെ നിഷേധിക്കുവാൻ പ്രാപ്തരാക്കുകയും നിർബന്ധിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാമത്തെ ഘട്ടം രോഷമാണ്. ദൈവം ഉണ്ടായിട്ടും ഇത് എനിക്ക് എന്തുകൊണ്ട് സംഭവിച്ചു എന്ന് ചോദിക്കുന്ന മനോഭാവം. മൂന്നാംഘട്ടം വിലപേശലാണ്. എങ്ങനെയെങ്കിലും വസ്തുത ഇല്ലാതാക്കാനോ നീട്ടി വയ്ക്കാനോ കഴിയുമെന്ന പ്രതീക്ഷ. നാലാം ഘട്ടം വിഷാദമാണ്. എല്ലാത്തിനോടുമുള്ള വിരക്തി. ഏറെ ആളുകൾ തങ്ങൾ മരിക്കും എന്ന ആശങ്കയിൽ വിഷാദ രോഗികളായി കൊണ്ടിരിക്കുന്നു. കോവിഡ് ഫോബിയയാണ് ഈ അവസ്ഥയിലക്ക് നയിക്കുന്നത്. അഞ്ചാം ഘട്ടം സമ്മതിക്കലാണ്. ഇത് ഒരു യാഥാർത്ഥ്യമാണെന്നുള്ള മനോഭാവം. പ്രശ്നങ്ങൾ രൂക്ഷമാകാതിരിക്കാനും മനസ്സിലാക്കാനും ഇത് സഹായിക്കുന്നു. നാം എല്ലാവരും തന്നെ കോവിഡ് -19 എന്ന മഹാവ്യാധിയോടുള്ള പ്രതികരണവുമായി ബന്ധപ്പെട്ട് ഇതിലേതെങ്കിലും ഘട്ടത്തിലൂടെ യാത്ര ചെയ്തവരാണ്. 'ഏതുതരം പ്രതിസന്ധികളെയും അതിജീവിക്കാനുള്ള മനുഷ്യൻ എന്ന ജീവിയുടെ കരുത്തിന് പ്രധാന പിൻബലം അവന്റെ പ്രത്യാശയാണ്'. ബെന്യാമിന്റെ ഈ വാക്കുകൾ സഭയുടെ പ്രവാചക, പൗരോഹിത്യ ശുശ്രൂഷയുടെ ആഴം വ്യക്തമാക്കുന്നു.

**പുത്തൻ നിർവ്വചനങ്ങളും ദൈവശാസ്ത്ര ബോദ്ധ്യങ്ങളും**

**സഭയുടെ പുനഃനിർവ്വചനം**

കോവിഡ് കാലത്തെ സഭ പുനർവ്യാഖ്യാനിക്കപ്പെടണം. പുനരാവിഷ്കരണവും പുനർജനനവും കാലം ആവശ്യപ്പെടുന്നു. കെട്ടിടങ്ങൾക്കുള്ളിലോ രൂപക്കൂടുകൾക്കുള്ളിലോ ഭരണസംവിധാനങ്ങൾക്കുള്ളിലോ തളച്ചിടേണ്ടതല്ല ക്രിസ്തുവിന്റെ സഭ. അയൽപക്കങ്ങളിലേക്ക് ഒഴുകിയെത്താൻ മടിക്കുന്ന മനുഷ്യത്വവും ജീവന്റെ പോരാട്ടങ്ങളിൽ ഭാഗമാകാൻ കഴിയാത്ത സഭയും വിമർശനങ്ങൾക്ക് വിധേയമായിത്തീരുന്നു. അതുകൊണ്ട് മനുഷ്യജീവിതങ്ങളിലേക്ക് എത്തിച്ചേരുന്ന സഞ്ചരിക്കുന്ന മദ്ബഹകളായി സഭ മാറണം. പള്ളി കേന്ദ്രീകൃതമായ ആരാധനയിൽ മാത്രം ആത്മീയത പരിമിതപ്പെടുത്താതെ ഭവനങ്ങൾ അൾത്താരകളായി രൂപപ്പെടുത്തുന്നതിൽ നാം എത്രത്തോളം വിജയിച്ചിട്ടുണ്ട്?

**പൗരോഹിത്യത്തിന്റെ പുനർവായന**

ശുശ്രൂഷാ സ്ഥാനങ്ങൾ അധികാരത്തിന്റെ ചവിട്ടുപടികൾ അല്ലെന്നും പ്രത്യുത, മനുഷ്യരുടെ അതിജീവനത്തിന്റെ പരിസരങ്ങളിലേക്ക് ഇറങ്ങാനുള്ളതാണെന്നുമുള്ള ബോധം ഈ കാലം ഓർമ്മിപ്പിക്കുന്നു. സഭ ഒരു അടിസ്ഥാന ശുശ്രൂഷാ മേഖലയും സഭാ ശുശ്രൂഷകർ അതിലെ മുന്നണി പ്രവർത്തകരുമാണ് എന്നുള്ള ചിന്താഗതിക്ക് മാറ്റം വന്നിരിക്കുന്നു. ഈ തിരിച്ചറിവ് സ്വയം വിമർശനത്തിലൂടെയുള്ള പുതുക്കത്തിലേക്ക് നമ്മെ നയിച്ച് സൗഖ്യദായക സമൂഹമായി ജഡം ധരിക്കുവാൻ നമ്മെ സഹായിക്കും.

**സഭയുടെ സ്വത്വവും ദൗത്യത്തിന്റെ രീതിശാസ്ത്രവും**

സഭയുടെ ദൗത്യശൈലി ക്രിസ്തുവിന്റെ ശൈലിയാണ്. യേശുവിന്റെ ദൗത്യവും രീതിശാസ്ത്രവും അരികുകളിലും താഴെത്തട്ടിലും ജീവിച്ച മനുഷ്യരുടെ ജീവിതാനുഭവങ്ങളെയും നൊമ്പരങ്ങളെയും നിസ്സഹായതയേയും ചേർത്തുപിടിച്ച് രൂപപ്പെടുത്തിയതാണ്. സഭ ഈ കാലഘട്ടത്തിൽ അപ്രസക്തമാകാതിരിക്കണമെങ്കിൽ യേശുവിന്റെ രീതിശാസ്ത്രം പിന്തുടരുന്നവരായിരിക്കണം.

**ആരാധനയുടെ പുനർവായന**

പരമ്പരാഗത ചിന്തയിൽ നിന്ന് വ്യത്യസ്തമായി എന്നാൽ വിശ്വാസത്തിന് കോട്ടം വരാതെ ആരാധനയും കൂദാശകളും നടത്തുന്നത് തുടരാൻ നാം നിർബന്ധിതരായിരിക്കുന്നു. വി. കുർബ്ബാന സ്വീകരിക്കാനാണ് കാണുവാൻ അല്ല എന്ന് പഠിപ്പിച്ച സഭ കുർബ്ബാന സ്വീകരിക്കുവാനും കാണുവാനുമുള്ളതാണെന്ന് പുനർവ്യാഖ്യാനിക്കുന്നു. വിവിധ കൂദാശകൾ ആർഭാടങ്ങൾ ഒഴിവാക്കി ചെയ്യുന്നത് വിശ്വാസത്തിന്റെ തീജ്ജ്വാല സഭാ ജനങ്ങളിൽ സൃഷ്ടിക്കുവാൻ ഇടയാക്കുന്നു. കോവിഡ് കാലത്തെ പ്രത്യേക ആവശ്യങ്ങൾ ഉൾക്കൊള്ളിച്ചുള്ള പ്രാർത്ഥനകൾ ആരാധനയുടെ ഭാഗമാക്കുന്നത് വിശ്വാസ സമൂഹത്തിന് ആശ്വാസകരമാണ്.

**കോവിഡ് ലോകത്തിലെ സഭയുടെ ദൗത്യം**

ദുർബ്ബലരായി പോയ ജനതകളുടെ തീവ്രമായ ജീവിതാനുഭവങ്ങളിൽ സ്ഫുടം ചെയ്തെടുത്ത ശുശ്രൂഷകളും അവയുടെ ഭാവങ്ങളും ഈ കാലത്ത് ചർച്ച ചെയ്യപ്പെടണം. അപരന്റെ സൗഖ്യം എന്റെ സൗഖ്യമാണെന്നും മറ്റുള്ളവരുടെ രക്ഷയിൽ എന്റെ രക്ഷ അന്തർലീനമായിരിക്കുന്നു എന്നും നാം ഉറക്കെ പറയ

> “
>
> **കോവിഡ് – 19 ഒരു കവാട മാണ്. മുൻവിധികൾ മറന്ന് വിഭാഗീയതയുടെയും വിദ്വേ ഷത്തിന്റെയും മതിലുകൾ തകർത്ത് ഒരു പുത്തൻ ലോ കത്തിലേക്ക് പ്രവേശിക്കുവാ നുള്ള കവാടം.**
> **– അരുന്ധതി റോയി**

ണം. മനുഷ്യരിലേക്കും അവരുടെ ജീവിത യാഥാർത്ഥ്യ ങ്ങളിലേക്കും സഞ്ചരിക്കുന്നതിനാവശ്യമായ പുതിയ ശുശ്രൂഷാ രീതികളും മാതൃകകളും രൂപപ്പെടുത്തണം.

**മുതിർന്ന പൗരന്മാരോടുള്ള സമീപനം**

പ്രയാസത്തിലും ക്ഷീണത്തിലും ജീവിക്കുന്ന വയോ വൃദ്ധരുടെ അവസ്ഥ ദയനീയമാണ്. അവരെ കരുതു കയും സംരക്ഷിക്കുകയും ചെയ്യേണ്ടത് അജപാലന ശുശ്രൂഷയുടെ ഉത്തരവാദിത്വമാണ്. പല പള്ളികളിലും യുവജനങ്ങളുടെ സഹകരണത്തോടുകൂടി ചെറിയ ഗ്രൂപ്പുകൾ ഉണ്ടാക്കി ഇവരെ കരുതുവാൻ മനസ്സ് കാ ണിച്ചു. വരും നാളുകളിൽ ഇത്തരത്തിലുള്ള കൂട്ടായ പ്രവർത്തനം ആവശ്യമായി വന്നേക്കാം. പ്രായമായ ആളുകളുടെ വീടുകൾ കേന്ദ്രീകരിച്ച് സാധ്യമാകുന്ന പക്ഷം വി. കുർബ്ബാന അനുഷ്ഠിക്കുന്നത് ഏറെ പ്രയോ ജനപ്രദമായിരിക്കും.

**അശരണോടുള്ള കരുതൽ**

സഭയുടെ മിഷൻ ദർശനത്തിന്റെയും ജീവകാരുണ്യ പ്രവർത്തനത്തിന്റെയും ഫലമായി നിരവധി അനാഥാല യങ്ങൾ, പുനരധിവാസ കേന്ദ്രങ്ങൾ, ഓർഫനേജുകൾ, പകൽ വീടുകൾ തുടങ്ങിയവ നമുക്കുണ്ട്. എന്നാൽ കോവിഡ് കാലഘട്ടം ഇത്തരം സ്ഥാപനങ്ങൾക്കും അവയുടെ പ്രവർത്തനങ്ങൾക്കും വെല്ലുവിളികൾ ഉയർ ത്തി. വൈദ്യപരിശോധന നടക്കാതെയും ഡോക്ടർ മാരുടെ സേവനം ലഭിക്കാതെയും ഇരിക്കുമ്പോൾ ഇത്തരം സ്ഥാപനങ്ങളിൽ പാർക്കുന്ന പ്രായമായവരു ടെ ആരോഗ്യനില ഗുരുതരമാകുന്നു. പ്രത്യേക ദിവസ ങ്ങളിൽ അവർക്കായി ഭക്ഷണം ക്രമീകരിക്കുന്നതിനും നൂതന സാങ്കേതിക വിദ്യയുടെ സഹായത്താൽ വിവിധ മാധ്യമങ്ങളിലൂടെ അത് വീക്ഷിക്കുന്നതിനും ഇപ്പോഴും അവസരമുണ്ട്.

**വിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണം**

കോവിഡ്-19 വിദ്യാഭ്യാസ മേഖലകളിലും വലിയ വെല്ലുവിളികൾ ഉയർത്തി. സ്കൂൾ, കോളേജുകൾ എന്നിവ അടച്ച് പൂട്ടാൻ കാരണമായി. നവ മാദ്ധ്യമ ങ്ങൾ പഠനത്തിനായി ഉപയോഗിക്കുന്നത് പ്രോത്സാ ഹിപ്പിക്കുകയും അത് ലഭ്യമല്ലാത്തവർക്ക് വേണ്ട ക്രമീ കരണങ്ങൾ ചെയ്യാൻ ക്രിയാത്മകമായ ഇടപെടൽ നടത്തുകയും വേണം. സഭാംഗങ്ങളുടെ വിശ്വാസം സംബന്ധിച്ച് നാം ചിന്തിക്കുമ്പോൾ യുവജനങ്ങളിൽ വിശ്വാസ തളർച്ച നേരിട്ടിരിക്കുന്നു എന്ന് മനസ്സിലാ ക്കാം. ആത്മീയ വിദ്യാഭ്യാസം നൽകുന്നതിനായി ഓൺലൈൻ സാധ്യതകൾ എല്ലായിടങ്ങളിലും നന്നാ യി ഉപയോഗപ്പെടുത്തണം. പഠനങ്ങൾ ക്രമീകരിക്കു കയും പ്രത്യേകമായി ഏകാന്തതയിലിരിക്കുന്ന വി ദ്യാർത്ഥികൾക്ക് ആവശ്യമെങ്കിൽ കൗൺസിലിംഗ് നൽകുകുയം ചെയ്യേണ്ടത് ആവശ്യമാണ്. കേരള സർ ക്കാരിന്റെ 'ചിരി' എന്ന ടെലി കൗൺസിലിംഗ് പദ്ധതി ഇത്തരത്തിലുള്ള ഒരാശയം മുന്നോട്ടു വയ്ക്കുന്നു.

**അജപാലന ശുശ്രൂഷ**

ഭവന സന്ദർശനവും രോഗികളെ നേരിൽ കണ്ട് പ്രാർത്ഥിക്കുന്നതും അജപാലന ശുശ്രൂഷയുടെ കാ തലായ അംശമാണ്. പരമ്പരാഗത ശൈലികൾ ഉപേ ക്ഷിക്കുകയും വീടിന് പുറത്ത് നിന്ന് ആളുകളെ നേ രിൽ കണ്ട് ക്ഷേമാന്വഷണങ്ങൾ നടത്തി ബന്ധങ്ങൾ കാത്തു സൂക്ഷിക്കുന്നത് അഭികാമ്യമാണ്. ഫോണി ലൂടെ ആശ്വാസ വാക്കുകൾ അറിയിക്കുവാനും പ്രാർ ത്ഥിക്കുവാനും കാണിക്കുന്ന ശ്രമങ്ങൾ തുടരണം. സാ ധ്യമാകുന്ന ഇടങ്ങളിൽ ഓൺലൈൻ ഹൗസ് വിസിറ്റ് നടത്തണം. ഇത് എല്ലാ കുടുംബങ്ങളേയും കാണു വാൻ അവസരമൊരുക്കുന്ന ഫലകരമായ രീതിയാ ണെന്ന് അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തുന്നു.

**പ്രാർത്ഥനാ ഗ്രൂപ്പിന്റെ ശാക്തീകരണം**

20 മുതൽ 30 വരെയുള്ള വീട്ടുകാർ ഒരുമിച്ചു കൂടുക എന്നത് ഇന്ന് സാദ്ധ്യമല്ല. കോവിഡ് വ്യാപനത്തി ന്റെ കുറവ് മനസ്സിലാക്കി അടുത്തുള്ള വീടുകളെ നാനോ യൂണിറ്റായി പുനഃക്രമീകരണം ചെയ്യുന്നത് ഒരു സാധ്യതയാണ്. അതിന് ഏകട (Geographic Information System) ടൂൾ ഉപയോഗിച്ച് ഇടവകയിലെ വീടുകളെ ടമമേഹശലേ മാപ്പിംഗിന് കീഴിലാക്കി ചെ റിയ ഗ്രൂപ്പുകളാക്കാൻ സാധിക്കും. അതേസമയം ഓൺ

ലൈൻ പങ്കാളിത്തവും ഉറപ്പ് വരുത്തേണ്ടതാണ്. ഒരു ഇടവകയിലെ താത്പര്യമുള്ള/സമർപ്പണമുള്ള ഒരു കുടുംബത്തെ മിഷനറി കുടുംബമായി തിരഞ്ഞെടുത്ത് കൂടുതൽ ഉത്തരവാദിത്വങ്ങൾ ഏൽപ്പിക്കുന്നത് നന്നായിരിക്കും.

### Virtual Church

സഭ ഡിജിറ്റൽ ലോകത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുകയും അവ ഉപയോഗിക്കുവാൻ ആളുകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ട ആവശ്യം വന്നിരിക്കുന്നു. ഓൺലൈൻ സംപ്രേഷണം, സൂം, ഗൂഗിൾ മീറ്റ്, യൂട്യൂബ് ലൈവ് മറ്റ് സോഷ്യൽ മീഡിയ വഴിയുള്ള പ്രാർത്ഥനകളും ആരാധനകളും ഗൗരവമായി സ്വീകരിക്കപ്പെടണം. ഇതേസമയം തന്നെ നെറ്റ് ഉപയോഗിക്കുന്നവരും ഇല്ലാത്തവരും തമ്മിലുള്ള വിടവ് (Digital Divide) നിലനിൽക്കുന്നു. സഭയായി ഈ ഡിജിറ്റൽ വിഭജനത്തെക്കുറിച്ച് കൂടുതൽ ശ്രദ്ധാലുക്കളായിരിക്കണം. സോഷ്യൽ മീഡിയയിലൂടെ മാത്രമുള്ള അജപാലന ശുശ്രൂഷകൾക്ക് പരിധികൾ ഉണ്ടെന്ന ബോധ്യവും ഓൺലൈൻ ആരാധനകൾ വർദ്ധിക്കുന്നതിനാൽ പള്ളിയിൽ പോകേണ്ട കാര്യമില്ല എന്ന ചിന്താഗതിയും പലരിലും ഉടലെടുത്തു എന്നത് വാസ്തവമാണ്.

### ഉപസംഹാരം

‘കോവിഡ് –19 ഒരു കവാടമാണ്. മുൻവിധികൾ മറന്ന് വിഭാഗീയതയുടെയും വിദ്വേഷത്തിന്റെയും മതിലുകൾ തകർത്ത് ഒരു പുത്തൻ ലോകത്തിലേക്ക് പ്രവേശിക്കുവാനുള്ള കവാടം’. അരുന്ധതി റോയിയുടെ ഈ വാക്കുകൾക്ക് ഇന്നത്തെ ആത്മീയ ലോകത്തിലും സാമൂഹ്യ പശ്ചാത്തലത്തിലും ഏറെ പ്രസക്തി ഉണ്ട്. സൂക്ഷ്മ നേത്രങ്ങൾക്കു പോലും ദൃശ്യമല്ലാത്ത ഒരു വൈറസിന്റെ വ്യാപനം മനുഷ്യനെ എന്തെങ്കിലും പഠിപ്പിച്ചുവോ? ചരിത്രത്തിൽ നിന്ന് നമുക്ക് പഠിക്കാനാകുന്ന ഒരേയൊരു കാര്യം ചരിത്രത്തിൽ നിന്ന് നമ്മളൊന്നും പഠിക്കുന്നില്ല എന്നത് മാത്രമാണ് എന്ന് ഫൈഗൽ എഴുതിയിട്ടുണ്ട്. അതുകൊണ്ട് മനുഷ്യനെ പലതും പഠിപ്പിക്കാൻ ശ്രമിച്ച പകർച്ചവ്യാധിയും വൈറസും പരാജയപ്പെട്ടുകൊണ്ടിരിക്കുന്നു എന്നതല്ലേ വാസ്തവം.





റവ. ഡോ. പി. പി. തോമസ്

പ്രസംഗക്കുറിപ്പ്

**2021 മെയ് 9 ഞായർ**
2 രാജ 4:8–17, 1 കൊരി. 15: 12–19;
2 കൊരി. 5: 1–10; യോഹ. 20: 11–18.

# സഭയെ നിലനിർത്തുന്ന വിശ്വാസം: ക്രിസ്തു ഉയിർത്തെഴുന്നേറ്റിരിക്കുന്നു

ക്രൈസ്തവ സഭയുടെ നിലനിൽപിന്റെ അടിസ്ഥാനം ഉയിർത്തെഴുന്നേറ്റ യേശു കർത്താവാണ് എന്ന്, വിശ്വാസ സമൂഹത്തെ ബോധ്യപ്പെടുത്താനുള്ള സഭയുടെ ശ്രമമാണ് ഇന്നത്തെ ധ്യാനം. ലോകചരിത്രത്തിലെ ഏറ്റവും വലിയ സംഭവവും, സുവിശേഷത്തിന്റെ മൂലക്കല്ലും അടിസ്ഥാനവും, യേശുവിന്റെ ഉയിർത്തെഴുന്നേൽപാണ്. കൂടാതെ. റോമർ 10: 9 ൽ പൗലോസ് പറയുന്നു, രക്ഷയുടെ അടിസ്ഥാനം കർത്താവ് ഉയിർത്തെഴുന്നേറ്റു എന്ന് ഹൃദയം കൊണ്ടുള്ള വിശ്വാസമാണ്.

ഇന്നത്തെ ഏവൻഗേലിയോൻ, ഉയിർത്തെഴുന്നേറ്റ കർത്താവിനെ ആദ്യം കണ്ട മറിയയെക്കുറിച്ചാണ് പറയുന്നത്. ഇന്നത്തെ രണ്ടാം പാഠവും, ശ്ളീഹായും ഉയിർത്തെഴുന്നേറ്റ കർത്താവിനെക്കുറിച്ച് ഏറ്റവും കാര്യക്ഷമമായി പ്രഘോഷിച്ച പൗലോസ് അപ്പൊസ്തലന്റെ വാക്കുകളാണ്. ഈ പാഠഭാഗങ്ങൾ വ്യക്തമായി നമ്മോടു പറയുന്നു, സഭയുടെ അടിസ്ഥാനവും നിലനിൽപും യേശുകർത്താവിന്റെ ഉയിർത്തെഴുന്നേൽപ്പാണ്.

വിവിധ കാരണങ്ങളാൽ ക്രൈസ്തവ സഭ ഒരുപാട് വെല്ലുവിളികളെ നേരിടുന്ന ഒരു കാലമാണ്. വിശ്വാസപരമായും, ധാർമികമായും, ഭൗതികമായും ഉള്ള ധാരാളം കാരണങ്ങൾ അതിനുണ്ടു താനും. സഭ നാശത്തിന്റെ വക്കിലാണ് എന്നും, വരും തലമുറകൾക്ക് സഭയോട് കൂറില്ല എന്നുമൊക്കെ പറയുന്നവരുണ്ട്. ഈ പ്രത്യേക പശ്ചാത്തലത്തിൽ, സഭ വിശ്വാസത്തിൽ നിലനിൽക്കണമെങ്കിൽ എന്തു വേണമെന്ന് ഈ വേദഭാഗങ്ങൾ നമ്മെ പഠിപ്പിക്കുന്നുണ്ട്.

**1. സഭ, ഉയിർത്തെഴുന്നേറ്റ കർത്താവിനെ അനുഭവിച്ചറിഞ്ഞ സമൂഹമാവണം.**

മഗ്ദലക്കാരത്തി മറിയ എല്ലായ്പോഴും കർത്താവിനോടൊപ്പമായിരിക്കാൻ ആഗ്രഹിക്കുകയും ശ്രമിക്കുകയും ചെയ്ത വ്യക്തിയാണ്. മറിയ കർ



ത്താവിന്റെ പരസ്യ ശുശ്രൂഷയിൽ അവനോടൊപ്പം ഉണ്ടായിരുന്നവളാണ്. ശരിക്കും, പല ശിഷ്യന്മാരെക്കാളും കൂടുതൽ പ്രാവശ്യം അവളുടെ പേരാണ് സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. മറിയയാണ് കുരിശിൻ ചുവട്ടിൽ അവസാനം വരെ ഉണ്ടായിരുന്നവൾ. അരിമഥ്യക്കാരൻ യോസേഫിനോടൊപ്പം അവനെ അടക്കം ചെയ്യാനും അവൾ ഉണ്ടായിരുന്നു. ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ഇരുട്ടുള്ളപ്പോൾ തന്നെ അവൾ കല്ലറയ്ക്കൽ ചെന്നു. കല്ല് നീങ്ങിയിരിക്കുന്നതു കണ്ട് അവൾ ഓടിപ്പോയി പത്രോസിനെയും യോഹന്നാനെയും വിവരം അറിയിച്ചു, അവരെ വിളിച്ചു കൊണ്ടു വന്നു. അവർ രണ്ടു പേരും മടങ്ങി പോയിട്ടും അവൾ അവിടെ തന്നെ കരഞ്ഞു കൊണ്ടു നിന്നു. അത്രയ്ക്കും ആത്മാർത്ഥതയുള്ളവൾ ആയിരുന്നു മഗ്ദലക്കാരത്തി മറിയ.

എന്നാൽ 14-ാം വാക്യം പറയുന്നു, ഇതു പറഞ്ഞിട്ട് അവൾ പിന്നോക്കം തിരിഞ്ഞ്, യേശു നിൽക്കുന്നതു കണ്ടു, യേശു എന്ന് അറിഞ്ഞില്ല താനും. വളരെ പ്രധാനപ്പെട്ട ഒരു വാക്യമാണിത്. യേശുവിനോട് ഇത്രയും അടുത്തു പെരുമാറിയ മറ്റാരും ഉണ്ടാവില്ല. എന്നിട്ടും അവൾ ഉയിർത്തെഴുന്നേറ്റ കർത്താവിനെ തിരിച്ചറിഞ്ഞില്ല. വേദപുസ്തകം വായിക്കുമ്പോൾ അവൾക്കു മാത്രമല്ല, യേശുവിന്റെ ശിഷ്യർമാർക്കു പോലും അതു കഴിഞ്ഞില്ല. എമ്മവുസിലേക്കു പോയ ശിഷ്യൻമാരെ നോക്കൂ. വളരെ നേരം അവരോട് സംസാരിച്ചു കൊണ്ടു നടന്നിട്ടും അവൻ അപ്പം നുറുക്കി നൽകും വരെ അവർ അവനെ തിരിച്ചറിഞ്ഞില്ല. കല്ലറയുടെ കല്ല് നീങ്ങിയിരിക്കുന്നു എന്നു കേട്ട് മത്സരയോട്ടം നടത്തി കല്ലറയ്ക്കൽ എത്തിയ പത്രോസിനെയും യോഹന്നാനെയും നോക്കൂ, കല്ലറയിൽ ചുരുട്ടി വച്ചിരുന്ന ശീലകൾ കണ്ടിട്ട് അവർ ഒന്നും ചെയ്യാതെ മടങ്ങിപ്പോവുകയാണ്. യോഹ 20: 9 പറയുന്നു, അവൻ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽക്കേണ്ടതാകുന്നു എന്നുള്ള തിരുവെഴുത്ത് അവർ അന്നു വരെ അറിഞ്ഞില്ല എന്ന്. ലൂക്കൊസ് അത് രേഖപ്പെടുത്തിയിരിക്കുന്നത് ഇങ്ങനെയാണ്, ഈ വാക്ക് അവർക്ക് വെറും കഥ പോലെ തോന്നി, അവരെ വിശ്വസിച്ചില്ല. ഒരു രാത്രി മുഴുവനും തിബെര്യാസ് കടലിൽ വല വീശി ഒന്നും കിട്ടാതെ നിരാശരായി വന്നവരെ, 'കുഞ്ഞുങ്ങളെ എന്നു വിളിച്ച് ദീർഘമായി അവരോട് സംസാരിച്ചിട്ടും അവരിൽ യോഹന്നാനൊഴികെ ആർക്കും അവനെ മനസ്സിലായില്ല.

ഇന്ന് സഭയ്ക്ക് സംഭവിച്ചതു പോയതും ഇതു തന്നെയാണ്. അറിവല്ലാതെ അനുഭവം ഇല്ലാതെ പോയ ഒരു സമൂഹമായി നമ്മൾ അധഃപതിച്ചു പോയി എന്നതാണ് കാര്യം. ആദിമ സഭയെക്കാളും, കഴിഞ്ഞകാല സഭയെക്കാളും ഇന്നത്തെ സഭ, ഒരുപാട് അറിവുകളുള്ള സമൂഹമാണ്. അനുഭവമാണ് അറിവിനേക്കാൾ പ്രധാനം. ഉയിർത്തെഴുന്നേറ്റ കർത്താവിനെ അനുഭവിച്ചറിഞ്ഞ ഒരു സമൂഹമായി മാറിയില്ലെങ്കിൽ സഭ പരാജയപ്പെടും, സംശയമില്ല.

**2. സഭ, ഉയിർത്തെഴുന്നേറ്റ കർത്താവിനെ സാക്ഷിക്കുന്ന സമൂഹമാവണം.**

യേശു അവളെ പേരു ചൊല്ലി വിളിക്കുമ്പോൾ റബ്ബൂനി എന്നു വിളിച്ച് അവനെ ആശ്ലേഷിക്കാൻ ഓടിയെത്തുന്ന മറിയയോട് കർത്താവ് പറയുന്നു, എന്നെ തൊടരുത്, നീ എന്റെ സഹോദരന്മാരുടെ അടുക്കൽ ചെന്ന് എന്റെ പിതാവും നിങ്ങളുടെ പിതാവും എന്റെ ദൈവവും നിങ്ങളുടെ ദൈവവുമായവന്റെ അടുക്കൽ ഞാൻ കയറിപ്പോകുന്നു എന്ന് അവരോട് പറക. വാക്യം 18, മഗ്ദലക്കാരത്തി മറിയ വന്ന് താൻ കർത്താവിനെ കണ്ടു എന്നും അവൻ ഇങ്ങനെ എന്നോട് പറഞ്ഞു എന്നും ശിഷ്യൻമാരോട് അറിയിച്ചു. ലൂക്കൊസ് 24 ൽ ഈ സംഭവത്തിനു ശേഷം രേഖപ്പെടുത്തിയിരിക്കുന്നത് എമ്മവുസിലേക്കു പോയ ശിഷ്യന്മാരുടെ അനുഭവമാണ്. വാക്യം 33, ആ നാഴികയിൽ തന്നെ അവർ എഴുന്നേറ്റ് യെരുശലേമിലേക്ക് മടങ്ങി പോന്നു. വാക്യം 35, വഴിയിൽ സംഭവിച്ചതും അവൻ അപ്പം നുറുക്കുകയിൽ തങ്ങൾക്ക് അറിയായ് വന്നതും അവർ വിവരിച്ചു പറഞ്ഞു. യെരുശലേമിലെ മാളിക മുറിയിലേക്കു നോക്കൂ, ഉയിർപ്പിൻ നാൾ നേരം വൈകിയപ്പോൾ യേശു ശിഷ്യൻമാർക്ക് പ്രത്യക്ഷപ്പെടുമ്പോൾ തോമസ് അവിടെ ഇല്ലായിരുന്നു. യോഹ. 20: 25, മറ്റെ ശിഷ്യൻമാർ തോമസിനോട് ഞങ്ങൾ കർത്താവിനെ കണ്ടു എന്നു പറഞ്ഞു.

ഈ സംഭവങ്ങളെല്ലാം സാക്ഷ്യപ്പെടുത്തുന്ന ഒരു സത്യമുണ്ട്, ഉയിർത്തെഴുന്നേറ്റ കർത്താവിനെ കണ്ടവർക്കെല്ലാം ഒരു നിയോഗം ലഭിച്ചു, പോയി പറവിൻ. അവരെല്ലാം ഒരു പുതു ജീവൻ ലഭിച്ച പോലെ ലോകത്തിന്റെ പല ഭാഗങ്ങളിൽ സുവിശേഷ പ്രഘോഷകരായി. ആദിമ സഭയുടെ സുവിശേഷ ഘോഷണ ചരിത്രം അപ്പൊസ്തലൻമാരുടെ പ്രവൃത്തികളിൽ വിവരിച്ചിട്ടുണ്ടല്ലോ. അതിനടുത്ത തല

മുറ തങ്ങളുടെ നിയോഗത്തിന് കൊടുക്കേണ്ടി വന്ന വില സഭാചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ക്രിസ്തു ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്നതാണ് പ്രസംഗ വിഷയം എന്ന് ഇന്നത്തെ രണ്ടാം പാഠത്തിൽ പൗലോസ് വ്യക്തമായി പറയുന്നു,

യേശുക്രിസ്തു ഉയിർത്തു ജീവിക്കുന്നു എന്ന് ഗ്രാമ ഗ്രാമാന്തരങ്ങളിൽ പ്രഘോഷിച്ച ഒരു സുവിശേഷ വിഹിത സഭയുടെ പിൻഗാമികളായ നമ്മുടെ അവസ്ഥ എന്താണ്? ലോകത്തോടു മാത്രമല്ല, അടുത്ത തലമുറയോടു പോലും സാക്ഷിക്കാൻ നാം പരാജയപ്പെട്ടു പോയില്ലേ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

**3. സഭ, ഉയിർത്തെഴുന്നേറ്റ കർത്താവിൽ പ്രത്യാശയുള്ള സമൂഹമാവണം.**

1 കൊരിന്ത്യർ 15: 19 ൽ പൗലോസ് പറയുന്നു, നാം ഈ ആയുസ്സിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശ വച്ചിരിക്കുന്നു എങ്കിൽ സകല മനുഷ്യരിലും അരിഷ്ടൻമാരത്രേ. എന്നത്തേക്കാളുമുപരി, ഈ വാക്യത്തിന് വളരെ പ്രസക്തി ഉള്ള ഒരു കാലത്താണ് നാം ജീവിക്കുന്നത്.

വർത്തമാനകാല ജീവിതം മാത്രം ആഘോഷമാക്കുന്ന ഒരു തലമുറയിലാണ് നാം ജീവിക്കുന്നത്. ഇന്നത്തെ വായനഭാഗം തുടങ്ങുന്നത് 12-ാം വാക്യത്തിലാണ്. അവിടെ പുനരുത്ഥാനം ഇല്ല എന്ന് വാദിക്കുന്ന ഒരു കൂട്ടം ആളുകളോടാണ് പൗലോസ് സംവദിക്കുന്നത്. ക്രിസതു ഉയിർത്തെഴുന്നേറ്റു എന്ന ഒറ്റക്കാരണത്താൽ മരിച്ചവരുടെ പുനരുത്ഥാരണം ഉണ്ട് എന്നാണ് പൗലോസിന്റെ വാദം. 20-ാം വാക്യത്തിൽ അസന്നിഗ്ധമായി പറയുന്നു, ക്രിസ്തു നിദ്ര കൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽ നിന്ന് ഉയർത്തിരിക്കുന്നു. അതായത്, ക്രിസ്തു ആദ്യമായി ഉയിർത്തെഴുന്നേറ്റു എന്നത് ഒരു ദൈവപൈതലിന് വലിയ പ്രത്യാശ നൽകുന്ന സന്ദേശമാണ്.

മാത്രമല്ല, 17-ാം വാക്യത്തിൽ പൗലോസ് നമ്മെ ഓർമിപ്പിക്കുന്നു, ക്രിസ്തു ഉയിർത്തിട്ടില്ല എങ്കിൽ നിങ്ങൾ ഇന്നും നിങ്ങളുടെ പാപങ്ങളിൽ ഇരിക്കുന്നു എന്ന്. പാപികളായ മനുഷ്യവർഗത്തത്തോട് ദൈവം തമ്പുരാൻ വിശുദ്ധ വചനത്തിലൂടെ അരുളിച്ചെയ്യുന്നത്, മരണം മനുഷ്യന്റെ അവസാനമല്ല എന്നാണ്. മരണം എന്നത് ഇഹലോക ജീവിതത്തിന്റെ അന്ത്യം കുറിക്കലും, നിത്യജിവനിലേക്കുള്ള പ്രവേശന കവാടവുമാകുന്നു. എന്നാൽ നിത്യജീവന്റെ അംശികളാകണമെങ്കിൽ പാപമോചനം പ്രാപിച്ചവർ ആയിരിക്കണം. 2 കൊരിന്ത്യർ 5: 10 ൽ പൗലോസ് പറയുന്നു, അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിന് നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു. അതുകൊണ്ട് നാം എന്തു ചെയ്യണം എന്ന് പൗലോസ് നമ്മെ ഉപദേശിക്കുന്നുണ്ട്. വാക്യം 9, അതുകൊണ്ട് ശരീരത്തിൽ വസിച്ചാലും ശരീരം വിട്ടാലും ഞങ്ങൾ അവനെ പ്രസാദിപ്പിക്കുന്നവർ ആകുവാൻ അഭിമാനിക്കുന്നു. ഈ ജീവിതത്തിനപ്പുറത്ത് ഒരു പ്രത്യാശയുമില്ലാത്തവൻ വെറുതെ തിന്നുക, കുടിക്കുക, നാളെ ചാകുമല്ലോ എന്നു ചിന്തിക്കുന്നവരാണ്. എന്നാൽ നിത്യതയിൽ കർത്താവിനോടൊന്നിച്ചുള്ള ആനന്ദകരമായ ജീവിതമാണ് ഒരു ദൈവപൈതലിന്റെ ലാക്കും, അവന്റെ പ്രത്യാശയും.

ഉപസംഹാരം. 2020 മാർച്ചു മാസം മുതൽ നാം കടന്നു പോകുന്ന സമാനതകളില്ലാത്ത പ്രതിസന്ധികളുടെ മദ്ധ്യത്തിൽ, സഭയുടെയും വിശ്വാസത്തിന്റെയും നിലനിൽപുതന്നെ ഒരു ചോദ്യചിഹ്നമായി ലോകത്തെ തുറിച്ചു നോക്കുമ്പോൾ, ഇന്നത്തെ ധ്യാനം വളരെ പ്രസക്തമായ ഒന്നാണ്. മൂന്നര പതിറ്റാണ്ടോളം നീണ്ട എന്റെ വൈദിക ശുശ്രൂഷാ കാലഘട്ടത്തിൽ ആദ്യമായി 2020 ലെ ഉയിർപ്പു ഞായറാഴ്ച പള്ളികൾ എല്ലാം അടഞ്ഞു കിടക്കുകയായിരുന്നു. ഒരു പാട് മനസ്സുകളിൽ അതിവേദന ഉണ്ടാക്കിയ ഒരു അനുഭവമായിരുന്നു അത്. എന്നാൽ ഈ വർഷം ദൈവാലയങ്ങൾ തുറക്കാനും പരിമിതമായെങ്കിലും ശുശ്രൂഷയിൽ പങ്കെടുക്കാനും കഴിഞ്ഞപ്പോൾ, ഒരു ചിന്ത എന്റെ മനസ്സിനെ കാര്യമായി സ്വാധീനിച്ചു. കഴിഞ്ഞ വർഷം ദൈവാലയങ്ങൾ അടഞ്ഞു പോയെങ്കിലും ഒരു കല്ലറ തുറന്നു തന്നെ കിടക്കുന്നു, അത് ഉയിർത്തെഴുന്നേറ്റ കർത്താവിന്റേതാണ്.

അതു കൊണ്ട് പ്രിയപ്പെട്ടവരേ, സഭയെ നിലനിർത്തുന്ന വിശ്വാസം മറ്റെന്തൊന്നിനേക്കാളും ഉപരി, ക്രിസ്തു ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്നതാണ്.

പ്രസംഗക്കുറിപ്പ്

**2021 മെയ് 16 ഞായർ**

യെഹ. 37:1–14 അ.പ്ര. 1:12–14
ഗലാ. 5:22 – 26 വി. യോഹ. 14: 15–21



# പരിശുദ്ധ ആവാസത്തിനായുള്ള ജാഗരണം



**റവ. ഫിലോമോൻ കോശി**

ത്രിയേക ദൈവത്തിനു സ്തുതി. ഉയിർപ്പിനുശേഷം ഉള്ള 6–ാം ഞായറാഴ്ച. അടുത്ത ആഴ്ച പെന്തിക്കുസ്തി പെരുന്നാൾ ആണ്. ഉയിർപ്പിനുശേഷമുള്ള 50 ദിവസമാണ് പെന്തിക്കുസ്തി പെരുന്നാൾ. അമ്പതാമത്തേത് എന്നാണ് ഈ വാക്കിനർത്ഥം. പെന്തിക്കുസ്തിയുടെ ദിവസമാണ് സഭയ്ക്ക് പരിശുദ്ധാത്മാവ് ലഭിച്ചത് എന്ന് പൊതുവേ പറയപ്പെടാറുണ്ട് എങ്കിലും വി. യോഹന്നാന്റെ സുവിശേഷവുമായി ചേർത്ത് വച്ച് വായിക്കുമ്പോൾ ഇതിൽ ചില സംശയങ്ങൾ തോന്നുന്നത് സ്വാഭാവികമാണ്. വി. യോഹന്നാൻ എഴുതിയ സുവിശേഷം 20–ാം അദ്ധ്യായം 22–ാം വാക്യത്തിൽ ഉയിർപ്പിന്റെ ദിവസത്തിൽ തന്നെ കർത്താവ് ശിഷ്യന്മാർക്ക് പരിശുദ്ധാത്മാവിനെ നൽകി എന്ന് കാണുവാൻ സാധിക്കുന്നു. എന്നാൽ അപ്പസ്തോ പ്രവൃത്തികൾ 2 അദ്ധ്യായത്തിലുള്ള വിവരണം കാണുമ്പോൾ പെന്തിക്കുസ്തിയുടെ ദിവസമാണ് (50–ാം ദിവസമാണ്) പരിശുദ്ധാത്മാവിനെ ശിഷ്യർക്ക് ലഭിച്ചു എന്ന് വായിക്കാം.

യഥാർത്ഥത്തിൽ ഇതിൽ ഏതാണ് സത്യം? ഇത് രണ്ടും സത്യമാണോ? അല്ലെങ്കിൽ ഒന്ന് മറ്റൊന്നിനെ ഖണ്ഡിക്കുന്നതാണോ?

ഈ ഒരു പശ്ചാത്തലത്തിലും ചോദ്യത്തിലും നിന്നുകൊണ്ട് ഈ ധ്യാനത്തെ സമീപിക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ആയതിലേക്ക് മൂന്ന് ചെറിയ ചിന്തകൾ പങ്കുവച്ചു കൊള്ളട്ടെ.

**1. വിധേയപ്പെടുന്നവരിലൂടെ മാത്രം പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവ്**

വി. യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ പറയുന്നത് ഒരിക്കലും തെറ്റാകാൻ സാധ്യതയില്ല. കാരണം യോഹന്നാന്റെ സുവിശേഷം ദൃക്സാക്ഷി വിവരണം ആണ്. മാത്രമല്ല പരിശുദ്ധാത്മാവിനെ നൽകിയപ്പോൾ അവിടെ സന്നിഹിതനായിരുന്ന ഒരാളാണ് വി. യോഹന്നാൻ. അതുകൊണ്ട് വി. യോഹന്നാന്റെ സുവിശേഷം യാതൊരു തർക്കമോ സംശയമോ കൂടാതെ സ്വീകരിക്കാം. എന്നാൽ ആ സമയത്ത് ശിഷ്യന്മാരുടെ മാനസികവും വൈകാരികവുമായ അവസ്ഥ പറഞ്ഞറിയിക്കുവാൻ സാധിക്കയില്ല. ഇത്രയും നാളും കൂടെ ഉണ്ടായിരുന്ന, തങ്ങളുടെ നാഥൻ ഇപ്പോൾ കൂടെയില്ല. യഹൂദന്മാരെ പേടിച്ച് വാതിലടച്ച് ഇരിക്കുകയാണ്. കർത്താവ് ഉയിർത്തെഴുന്നേറ്റു എന്ന് മഗ്ദലക്കാരത്തി മറിയ പറഞ്ഞുവെങ്കിലും (മറ്റ് സുവിശേഷങ്ങൾ വായിക്കുമ്പോൾ, കല്ലറയിൽ ചെന്ന് സ്വയം ബോധ്യപ്പെട്ടതുമാണ് എന്ന് മനസ്സിലാക്കാം) എത്രത്തോളം സത്യം അതിൽ ഉണ്ടെന്നറിയാതെ പകച്ചു നിൽക്കുന്ന അവസ്ഥ. ജീവിതമാർഗ്ഗം വഴിമുട്ടി നിൽക്കുന്ന അവസ്ഥ. (ജീവിത മാർഗ്ഗത്തിനു മറ്റൊന്നും ഉണ്ടാകാൻ സാധ്യതയില്ല എന്നതുകൊണ്ടാകാം അവർ പിന്നീട് മീൻ പിടിക്കുവാൻ പോകുന്നതും). ആകെക്കൂടെ അരാജകത്വവും സുരക്ഷാഭീഷണിയും സാമ്പത്തിക ഞെരുക്കവും വൈകാരികവും മാനസികവുമായ പിരിമുറുക്കത്തിന്റെയും മദ്ധ്യത്തിൽ കർത്താവ് ഉടനടി പ്രത്യക്ഷപ്പെടുകയാണ്. ആ പ്രത്യക്ഷപ്പെടൽപോലും ശിഷ്യന്മാർ പൂർണ്ണമായി മനസ്സിലാക്കിയോ എന്നത് തർക്കസംഗതിയാണ്. ഈ ഒരു അവസ്ഥയിലാണ് അവർക്ക് പരിശുദ്ധാത്മാവിനെ ലഭിക്കുന്നത്. എന്നാൽ ആ അവസ്ഥയിൽ അവർ പരിശുദ്ധാത്മ നിയോഗിതരായി പ്രവർത്തിക്കുവാൻ സന്നദ്ധരോ തയ്യാറോ അല്ലായിരുന്നു.

അല്ലെങ്കിൽ തന്നെ ഈ കർത്താവിന്റെ പ്രവൃത്തികളും വിളികളും എല്ലാം അങ്ങനെയാണ്. യോഗ്യതയോ കഴിവോ ഒന്നും നോക്കിയല്ല അവൻ ആരെയും വിളിച്ചത്. മുക്കുവരെ, ചുങ്കം പിരിവുകാരെ ഒക്കെ അവൻ തന്റെ ശിഷ്യരാക്കുവാൻ തന്നെ അനുഗമിക്കുവാൻ വിളിച്ചപ്പോൾ അവർ ആദ്യം ഈ അസാധാരണ വിളിയെക്കുറിച്ച് തെല്ലൊന്ന് അമ്പരന്നുകാണും തീർച്ച. അവൻ എപ്പോഴും യോഗ്യരെ തിരഞ്ഞടുക്കുക അല്ല മറിച്ച് തിരഞ്ഞെടുത്തവരെ യോഗ്യരാക്കുകയാണ്.

പരിശുദ്ധാത്മാവിന്റെ പ്രഖ്യാപനവും അപ്രകാരം തന്നെ. എന്റെ യോഗ്യതയോ വിശ്വാസമോ, ഭക്തിയോ ഒന്നുമല്ല എനിക്ക് പരിശുദ്ധാത്മാവിനെ ലഭിക്കുവാൻ കാരണം മറിച്ച് ഇത് കർത്താവ് സഭയ്ക്ക് നൽകിയ ദാനം ആണ്.

എന്നാൽ പെന്തിക്കുസ്തി നാളിൽ അവർ ഈ മാനസികാവസ്ഥയിൽ നിന്ന് മോചിതരായിരുന്നു. ഉയിർപ്പിന്റെ വാസ്തവം ഇപ്പോൾ നല്ലവണ്ണം അവർക്കറിയാം. മഹത്വമേറിയ സ്വർഗ്ഗാരോഹണം 10 ദിവസം മുമ്പ് അവർ കണ്ടതാണ്. കർത്താവ് തങ്ങൾക്ക് നൽകിയ നിയോഗത്തെക്കുറിച്ച് വ്യക്തതയുണ്ട്. കഴിഞ്ഞ നാളുകളിൽ കർത്താവ് പറഞ്ഞതുപോലെ കാത്തിരിക്കുക ആയിരുന്നു. പ്രാർത്ഥനയിൽ മുഴുകി ഇരിക്കുക ആയിരുന്നു. തങ്ങളുടെ ഉള്ളിലുള്ള പരിശുദ്ധാത്മാവിന് വിധേയപ്പെടുവാൻ വണ്ടി അവർ തങ്ങളെത്തന്നെ ഒരുക്കുകയായിരുന്നു. അതിനാൽ പരിശുദ്ധാത്മാവിന് അവരിൽ നല്ലവണ്ണം പെന്തിക്കുസ്തി ദിവസം ക്രിയ ചെയ്യുവാൻ സാധിക്കുന്നു.

എന്നെ വരിഞ്ഞുകെട്ടി കൈകാലുകൾ ബന്ധിച്ച് എന്നെക്കൊണ്ട് ബലമായി പലതും ചെയ്യുന്ന ഒരു ശക്തിയല്ല പരിശുദ്ധാത്മാവ്. മറിച്ച് ഞാൻ വിധേയപ്പെടുത്തികൊടുത്താൽ മാത്രം എന്നെ ഉപയോഗിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ഒരു ക്നൂമ (ആളത്ത) മാണ് പരിശുദ്ധാത്മാവ്. മാളികയിൽ പരിശുദ്ധാത്മാവിനുവേണ്ടി തങ്ങളെത്തന്നെ വിധേയപ്പെടുത്തുവാൻ ഒരുങ്ങുന്ന ശിഷ്യരെ ധ്യാനിക്കുകയാണ സഭ ഇന്ന്. നമുക്ക് നമ്മെത്തന്നെ പരിശുദ്ധാത്മാവിന്റെ കൈയിൽ ഇണങ്ങുന്ന ആയുധമായി തീരുവാൻ വിധേയപ്പെടുത്താം.

**2. ജാഗരണത്തിലൂടെ മാത്രം ഉജ്വലിപ്പിക്കപ്പെടുന്ന പരിശുദ്ധാത്മാവ്**

ഉയിർപ്പുദിവസം നാം കണ്ടതുപോലെ പരിശുദ്ധാത്മാവിനെ പ്രാപിച്ചു എങ്കിലും വേണ്ടവിധത്തിലുള്ള ഒരുക്കമോ സന്നദ്ധതയോ ഇല്ലാഞ്ഞതുമൂലം ശിഷ്യന്മാർക്ക് പരിശുദ്ധാത്മ അനുഭവം ഉണ്ടായില്ല. 10 ശിഷ്യന്മാർ പരിശുദ്ധാത്മാവിനെ പ്രാപിച്ച് 10 ശ്ലീഹന്മാർ ഒരുമിച്ചു നിന്ന് പ്രസംഗിച്ചിട്ടും അവർക്ക് തങ്ങളുടെ സഹ അപ്പസ്തോലനെ വിശ്വസിപ്പിക്കുവാൻ കഴിഞ്ഞില്ല. നിരാശയായവർ പിന്നീട് മീൻപിടിക്കുവാൻ പോകുന്നതും നമുക്ക് വി. യോഹന്നാന്റെ സുവിശേഷം 21-ാം അദ്ധ്യായത്തിൽ കാണുവാൻ സാധിക്കും. പരിശുദ്ധാത്മാവിനെ പ്രാപിച്ചവർ ദൈവരാജ്യപ്രവർത്തനങ്ങളെ വിട്ട് തെറ്റിപ്പോകുന്നു. എന്നാൽ നാം ഇന്ന് ധ്യാനി

ക്കുന്നതുപോലെ, രണ്ടാം പാഠഭാഗത്തിൽ പറയുന്ന പ്രകാരം സഭ ഒരുമനപ്പെട്ടു പ്രാർത്ഥന കഴിക്കുന്നു. ഇപ്പോൾ സംഭവവികാസങ്ങൾ ഒക്കെ വ്യക്തമാണ് ശിഷ്യന്മാർക്ക്, വിളിയെക്കുറിച്ചും നിയോഗത്തെക്കുറിച്ചും വ്യക്തമായ കാഴ്ചപ്പാടും ഉണ്ട്.

അവർക്ക് സഞ്ചരിക്കേണ്ടുന്ന ദൂരം ഭൂമിയുടെ അറുതിയോളം ആണ്. പുറത്ത് അനുകൂലമായ സാഹചര്യം അല്ലതാനും. ആണിപ്പഴുതുകാട്ടി സമാധാനം ആശംസിച്ച ഗുരുനാഥന്റെ 'കൂടെ ഉണ്ടാകും' എന്ന വാഗദാനം മാത്രമാണ് ആശ്രയം. അതിനാൽ ഗുരുനാഥൻ കല്പിച്ചതുപോലെ മാളികമുറിയിൽ യേശുവിന്റെ അമ്മയോടും മറ്റ് സ്ത്രീകളോടും ചേർന്ന് പ്രാർത്ഥിച്ചു. മണവാളൻ വിട്ട്പിരിയുമ്പോൾ ഉപവസിക്കും എന്ന ഗുരുവചനം ഉള്ളതിനാൽ ഉപവാസത്തോടെ പ്രാർത്ഥനയിൽ ഉറ്റിരുന്നു. ഉപവസിച്ചത് ഒരു ആവശ്യവും നേടിയെടുക്കാൻ അല്ല. പരിശുദ്ധാത്മാവിന് വിധേയപ്പെടുവാൻ ആണ്. നഷ്ടപ്പെട്ടുപോയവനു പകരം മറ്റൊരുവനെയും കൂട്ടി അവർ പ്രാർത്ഥനയിൽ ജാഗരിച്ചുകൊണ്ടേ ഇരുന്നു. അപ്പോഴാണ് അവർ പരിശുദ്ധാത്മാവുകൊണ്ട് നിറയുന്നത്. ലൂക്കോസ് ഇവിടെ ഉപയോഗിച്ച പദം പ്രാപിച്ചു എന്നല്ല. നിറഞ്ഞു എന്നാണ്. അവർക്ക് കർത്താവ് നൽകിയ പരിശുദ്ധാത്മാവ് എന്ന കൃപാവരം അവർ ഉജ്ജ്വലിപ്പിച്ചു. അവർ കർത്താവിന്റെ വൻകാര്യങ്ങളെ ഉറക്കെ മറ്റു ഭാഷക്കാർ കേൾക്കെ പ്രസ്താവിച്ചുകൊണ്ടിരുന്നു.

യഹൂദരെ പേടിച്ച് വാതിലടച്ചിരുന്ന ശിഷ്യന്മാർ ഇവിടെ ഇതാ പെന്തക്കൊസ്തു പെരുന്നാളിനു വന്ന് എല്ലാവരുടെയും മുമ്പിൽ നിന്ന് കർത്താവിനെ പ്രഘോഷിക്കുന്നു. നീയും അവരുടെ കൂട്ടത്തിൽ ഉള്ളവനാണോ എന്ന് ബാല്യക്കാരത്തി ചോദിച്ചപ്പോൾ ഒഴിഞ്ഞുമാറിയ പത്രോസ് ജനത്തിനു നടുവിൽ നിന്നുകൊണ്ട് നിങ്ങൾ ക്രൂശിച്ച യേശുവിനെ (വാ.36) ദൈവം ഉയിർപ്പിച്ചു. അതിനു ഞങ്ങൾ സാക്ഷികൾ ആകുന്നു (വാ. 32) എന്ന് സധൈര്യം വിളിച്ചു പറഞ്ഞു. സഹ-പ്രവർത്തകരെ വിശ്വസിപ്പിക്കുവാൻ സാധിക്കാതെ ഇരുന്നവരുടെ പ്രസംഗം കേട്ടിട്ട് ഒരു ദിവസം 3000ത്തോളം പേർ സഭയോട് ചേർന്നു.

എന്തൊരു മാറ്റം ആണ്. പരിശുദ്ധാത്മാവ് എന്നിൽ നിറയുമ്പോൾ, അതിന് ഞാൻ എന്നെത്തന്നെ താഴ്ത്തി ഏൽപ്പിക്കുമ്പോൾ നമ്മുടെ ജീവിതം പരിശുദ്ധാത്മ പ്രവർത്തനത്തിനുള്ള വേദി ആയി മാറ്റുക. അതിനു വേണ്ടി ചെയ്യേണ്ടുന്നത് ആദ്യം ഞാൻ എന്നെത്തന്നെ സമർപ്പിക്കുകയും അതിനുവേണ്ടി ജാഗരണത്തോടെ പ്രാർത്ഥിക്കുകയും വേണം. നേരത്തെ സൂചിപ്പിച്ചതുപോലെ പരിശുദ്ധാത്മാവ് കർത്താവ് സഭയ്ക്ക് നൽകിയ ദാനം ആണ്. ഞാൻ അതിൻപ്രകാരം ജീവിക്കുവാൻ സമർപ്പിച്ചാൽ അത്ഭുതം സംഭവിക്കും.

നമ്മുടെ ജാഗരണങ്ങൾ പലപ്പോഴും സ്വാർത്ഥ ലാഭത്തിനു വേണ്ടി ആയിപോകുന്നില്ലേ. എന്നിലുള്ള കൃപാവരത്തെ ജ്വലിപ്പിക്കുവാൻ എപ്പോഴെങ്കിലും ഞാൻ പ്രാർത്ഥിച്ചിട്ടുണ്ടോ? ശത്രുവോടെതിർക്കുവാൻ ജയം നേടുവാൻ... എന്ന ഗാനശകലങ്ങൾ പ്രാർത്ഥനയും ഉപവാസവും എന്തിനുവേണ്ടി ആണ് എന്ന് പഠിപ്പിക്കുന്നതല്ലേ. അങ്ങനെയുള്ള ജാഗരണത്തിന്റെ ധ്യാനമാണ് ഇന്ന് സഭ ധ്യാനിക്കുന്നത്. നമുക്ക് വ്യക്തികളായി കുടുംബമായി സഭയായി ഉണർന്നിരിക്കുവാൻ സാധിക്കുമോ?

> **“ശിഷ്യരെപ്പോലെ നമുക്ക് പ്രാർത്ഥനയിൽ ഉറ്റിരിക്കാം. ജാഗരണത്തോടെ പരിശുദ്ധാത്മ ആവാസത്തിനായി പ്രാർത്ഥിക്കാം. ആത്മാവേ വരേണമേ സർവ്വസൃഷ്ടിയേയും പുതുക്കണമേ**

**3. ജീവിപ്പിക്കുന്ന പരിശുദ്ധാത്മാവ്**

ഒന്നാം പാഠം യെഹസ്കേൽ പ്രവാചകന്റെ പുസ്തകം 37-ാം അദ്ധ്യായം നമുക്ക് കാണിച്ചുതരുന്നത് അസ്ഥികളെ മഹാസൈന്യമാക്കുന്ന ദൈവത്തെ ആണ്. അസ്ഥി അസ്ഥിയോട് ചേർന്ന് ഞരമ്പും മാംസവും ത്വക്കും വന്നിട്ടും അവർക്ക് ജീവൻ വന്നില്ല. ജീവൻ വരുവാൻ കാറ്റ് ഊതി. കാറ്റ് എന്നതിനും ആത്മാവ് എന്നതിനും റൂഹാ എന്നതിനും മൂലപദം. കാറ്റ് പരിശുദ്ധാത്മ പ്രതീകം കൂടെ ആണ്. പരിശുദ്ധാത്മാവ് വന്നപ്പോൾ ജീവനുള്ളവരായി തീർന്ന അസ്ഥിപഞ്ജരങ്ങൾ. അതുകൊണ്ടാണ് കർത്താവ് പ്രവാചകനോട് പ്രവചിക്കുവാൻ ഉള്ള പദങ്ങൾ പറഞ്ഞുകൊടുക്കുന്നത്. 'ശ്വാസമേ ... ഈ നിഹതന്മാർ ജീവിക്കേണ്ടതിന് അവരുടെ മേൽ ഊതുക' (വാ.9). നാം വായിക്കുന്നത് അവർ വലിയ സൈന്യമായി നിവർന്നു നിന്നു എന്നാണ്. എന്താണ്

പെട്ടെന്ന് ഒരു സൈന്യത്തെ അവിടെ ചുമതലപ്പെടുത്തിയത്? സൈന്യം എന്നാൽ രാജാവിന്റെ കല്പന അനുസരിക്കുന്നവരാണ്. അവർക്കാണ് ആത്മാവിനെ നൽകിയത്. അല്ലെങ്കിൽ തന്നെ സൃഷ്ടിയുടെ ആരംഭത്തിലും ജീവൻ നൽകിയത് ആത്മാവാണ് (ഉല്പ. 2:7). ആത്മാവാകുന്ന ജീവൻ, ദൈവത്തിൽ നിന്ന് അകന്നുപോകുമ്പോൾ നഷ്ടപ്പെട്ടു പോകുന്നതിനെയാണ് മരണം എന്ന് പറയുന്നത്. ആ മരണത്തെക്കുറിച്ചായിരുന്നു ദൈവം ഓർമ്മിപ്പിച്ചതും (ഉല്പ. 2:17).

അതുകൊണ്ട് ദൈവത്തിന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിക്കളഞ്ഞ നമ്മോട് പ്രവാചകനിലൂടെ ദൈവം വാഗ്ദത്തം ചെയ്യുന്നു, 'നിങ്ങൾ ജീവിക്കേണ്ടതിന് ഞാൻ എന്റെ ആത്മാവിനെ നിങ്ങളിൽ ആക്കും '(യെഹ. 37:14). ആ വാഗ്ദാനമാണ് പെന്തക്കൊസ്തിൽ നിവർത്തിക്കുന്നത്. ഇന്നത്തെ ഏവൻഗേലിയോൻ ഭാഗത്തിലും കർത്താവ് പറയുന്നു 'സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോട് കൂടെ ഇരിക്കേണ്ടതിന് നിങ്ങൾക്ക് തരും' (യോഹ. 14:16). അതായത് പാപം മൂലം ആത്മാവിനെ നഷ്ടമാക്കിയതിലൂടെ മരണം സംഭവിച്ച നമ്മെ എല്ലാവരെയും ഒരിക്കലായി തന്റെ ബലികൊണ്ട് വീണ്ടെടുത്ത് നഷ്ടപ്പെടാതെവണ്ണം ഈ ആത്മാവിനെ എന്നേക്കും എന്റെ ഉള്ളിൽ ആക്കിവച്ചു. നമ്മെ ഈ ആത്മാവിന്റെ മന്ദിരമാക്കി.

ഈ ആത്മാവ് എന്നെ ജീവിപ്പിച്ചു. ഞാൻ ജീവനുള്ളവനായിത്തീർന്നു. എന്നാൽ ഈ ആത്മാവിന്റെ ആഗ്രഹപ്രകാരം ആണോ നാം നടക്കുന്നത്? ആത്മാവിന്റെ ഇഷ്ടപ്രകാരമാണോ നാം ജീവിക്കുന്നത്? (യോഹ. 14:21).

അതുകൊണ്ട് സഭയ്ക്ക് ദൈവം നൽകിയ ദാനത്തിന്റെ ഹിതത്തിനനുസരിച്ച് ജീവിക്കുവാൻ തങ്ങളെത്തന്നെ ശിഷ്യന്മാർ സമർപ്പിക്കുന്ന ദിവസത്തെ ധ്യാനിക്കുന്ന ഇന്ന് നമുക്ക് അങ്ങനെയുള്ള ജീവിതക്രമത്തിൽ ആകുവാൻ സാധിക്കുമോ? വിധേയപ്പെട്ടുകൊണ്ട് എന്നിൽ ക്രിയ ചെയ്യണമേ എന്ന് പ്രാർത്ഥിക്കുവാൻ സാധിക്കുമോ? അതിനുവേണ്ടി പ്രാർത്ഥനയോട് ജാഗരിക്കുവാൻ സാധിക്കുമോ? അതിൻപ്രകാരം ജീവിക്കുന്നതിലൂടെ ജീവിനുള്ള ദേഹി ആയിത്തീരുവാൻ, ക്രിസ്തുവിനോടുകൂടെ ജീവിക്കുന്നവൻ ആയിത്തീരുവാൻ സാധിക്കുമോ?

ശിഷ്യരെപ്പോലെ നമുക്ക് പ്രാർത്ഥനയിൽ ഉറ്റിരിക്കാം. ജാഗരണത്തോടെ പരിശുദ്ധാത്മ ആവാസത്തിനായി പ്രാർത്ഥിക്കാം. ആത്മാവേ വരേണമേ സർവ്വസൃഷ്ടിയേയും പുതുക്കണമേ.



പ്രസംഗക്കുറിപ്പ്

**2020 മെയ് 23 ഞായർ**
**ദിവ്യസംഗീത ഞായർ**
**യോവേൽ 2:28 – 32, അ. പ്ര. 2:1 – 13**
**റോമ. 8:12 – 17, യോഹ. 16:1 – 15**

# പെന്തക്കുസ്തി പെരുന്നാൾ: സർവ്വും പുതുക്കുന്ന ദൈവത്തിന്റെ ആത്മാവ്



**റവ. ആഷിഷ് തോമസ്**

*'എല്ലാവരും ഭ്രമിച്ചു ചഞ്ചലിച്ചു; ഇത് എന്തായിരിക്കും എന്ന് തമ്മിൽ തമ്മിൽ പറഞ്ഞു' (അ. പ്ര. 2:12).*

സൃഷ്ടിജാലങ്ങളുടെ കഥ ആരംഭിക്കുമ്പോൾ തന്നെ ദൈവാത്മാവ് ഭൂമിയിൽ പരിവർത്തിച്ചതിനെക്കുറിച്ച് വേദപുസ്തകത്തിലൂടെ നാം തിരിച്ചറിയുന്നു. 'ദൈവത്തിന്റെ ആത്മാവ് വെള്ളത്തിൽ പരിവർത്തിച്ചുകൊണ്ടിരുന്നു' (ഉല്പ. 1:2). സൃഷ്ടിക്കുകയും പുതുക്കുകയും ചെയ്യുന്ന ആത്മാവിനെക്കുറിച്ച് നമുക്ക് വ്യക്തത ലഭിക്കുന്നത് ക്രിസ്തുവിലൂടെയാണ്. ആത്മാവായ ദൈവത്തോട് നാം പ്രാർത്ഥിക്കുന്നുണ്ട്. 'പരിശുദ്ധാത്മാവേ വന്ന് ഞങ്ങളെ പുതുക്കേണമേ'. പരിശുദ്ധാത്മാവ് എന്ന അർത്ഥത്തിൽ 'കാദോഷ് റൂവഹ്' എന്ന് എബ്രായ ഭാഷയിലും '**പ്ന്യൂമാ ഹഗിയോൻ**' എന്ന് ഗ്രീക്കിലും ഉപയോഗിച്ചിട്ടുണ്ട്. പരിശുദ്ധാത്മാവ് വെറും ശക്തി എന്നതിനപ്പുറം ആളത്തമുള്ള ശക്തിയായിട്ടാണ് വേദപുസ്തകം വ്യക്തമാക്കുന്നത്. കാര്യസ്ഥൻ (പാറക്ലീറ്റോസ്) എന്ന പദമാണ് ഏറ്റവും കൃത്യമായത്. നമ്മുടെ ദൈവം വാഗ്ദത്തങ്ങളിൽ വിശ്വസ്തനാണ്. വാഗ്ദത്തം പുത്രനിലൂടെ ഓർമ്മിപ്പിക്കുകയും തന്റെ സഭയുടെ നിർമ്മാണത്തിനായി പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിലൂടെ നിറവേറ്റുകയും ചെയ്യുന്നു. യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷവേളയിൽ പലപ്പോഴും വരാനിരിക്കുന്ന പരിശുദ്ധാത്മാവിന്റെ വെളിപ്പെടുത്തലിനെക്കുറിച്ച് ഓർമ്മിപ്പിക്കുകയുണ്ടായി. പ്രസംഗകൻ സി.എച്ച് സ്പർജൻ ഇപ്രകാരം പറയുന്നു. 'ദൈവപുത്രനായ യേശുവിന് പരിശുദ്ധാത്മാവിന്റെ സഹായം ആവശ്യമായിരുന്നുവെങ്കിൽ മനുഷ്യരായ എനിക്കും നിങ്ങൾക്കും അത് എത്രമാത്രം ആവശ്യമായിരിക്കുന്നു'.

ഹിരോഷിമയിൽ അണുബോംബ് വീണപ്പോൾ അനേകം കിലോമിറ്ററുകളോളം ദൂരം വരെ ജീവജാലങ്ങളെല്ലാം നാമാവശേഷമായെങ്കിലും ബോംബ് വീണ സ്ഥലത്തു നിന്ന് 2 കിലോമീറ്ററിന് ഇടയ്ക്കു നിന്നിരുന്ന ചില ജിങ്കോ മരങ്ങൾ ബോംബ് വർഷത്തിൽ കരിഞ്ഞുപോയെങ്കിലും ചില ദിവസങ്ങൾക്കുള്ളിൽ വീണ്ടും തളിരണിയുവാൻ തുടങ്ങിയത് ജപ്പാന് പകർന്നു നൽകിയത് പുനരുജ്ജീവനത്തിന്റെ ഒരു ഉണർത്തുപാട്ടുതന്നെയായിരുന്നു. പ്രതീക്ഷയുടെ വീണ്ടെടുപ്പുത്സവം സമ്മാനിച്ച ആ മരങ്ങളുടെ സമീപത്ത് നാലു ക്ഷേത്രങ്ങൾ അവർ പണിതു. അവയെ Bearer of Hope എന്ന് ജപ്പാൻകാർ വിശേഷിപ്പിക്കുന്നു. (പൂക്കളുടെ ദൈവാലയങ്ങളിൽ ശലഭങ്ങളുടെ സംഗീതം – ഷാജി ജോർജ്ജ്) അങ്ങനെയെങ്കിൽ പിതാവായ ദൈവം നമുക്ക് സമ്മാനിച്ച പല്ലവികൾ മനസ്സിലാക്കുന്നതുപോലെ സംഗീതമെന്ന നാദം പോലെ പരിശുദ്ധാത്മാവിനെ നമുക്കും തൊട്ടറിയാം.

### 1. പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം സർവ്വവും പുതുക്കുന്ന സംഗീതധാര

കോശി തലക്കൽ സാറിന്റെ ഒരു മനോഹര ഗാനമാണ്

*'പാടി... സർവ്വം മറന്നിരുന്ന്*
*ക്രൂശിൽ മറഞ്ഞിരുന്ന് പാടി*
*കോടാനുകോടി ദൂതസംഘം പാടി*
*സ്വർഗ്ഗീയ പാട്ടേറ്റു പാടി... പാടി...*
*രോഗം എന്നെ വിരൂപനാക്കി*

*എന്നിൽ ബലം ക്ഷയിച്ച നേരം*
*എല്ലാരുമെന്നെ കൈവെടിഞ്ഞ സ്നേഹം*
*കൈ തന്ന കുഞ്ഞാടിനേവം'*

വേദനയുടെ കാലം, ഒറ്റപ്പെടലിന്റെ കാലം, മഹാമാരിയുടെ കാലം എന്നൊക്കെ ഈ കാലഘട്ടത്തെ നമുക്ക് വിളിക്കാം. ഇവയിൽ നിന്നൊക്കെ ഒരു മോചനം ഉണ്ടാകുമോ എന്ന ആശങ്ക ഒരുവശത്ത് നിറയുന്നു. ക്രൂശുമരണത്തിനു ശേഷം യേശു ഉയിർത്തു എന്ന് കേട്ടു എങ്കിലും ശിഷ്യർ പലരും അത് വിശ്വസിച്ചിരുന്നില്ല. കടൽക്കരയിൽ തന്റെ ശിഷ്യരെ കാണുന്ന ഒരു മനോഹര സമയം സുവിശേഷഭാഗത്ത് വിവരിക്കുന്നുണ്ട്. പ്രത്യാശ പകർന്നു കൊടുക്കുന്ന സമയമാണ് അത്. നാളെയും അതെ പ്രത്യാശ പകരുന്ന ഒരു പുതുമയുടെ വസന്തം. രണ്ടായിരം വർഷങ്ങൾക്ക് ശേഷവും ഇന്നും ഈ ലഭ്യമാകുന്നത് പരിശുദ്ധാത്മാവിന്റെ അനുഭവത്താലാണ്. ഈ വലിയ പ്രത്യാശയാണ് യോവേൽ പ്രവാചകന്റെ പുസ്തകത്തിൽ നാം കാണുന്നത്. 'എന്നാൽ യഹോവയുടെ നാമം വിലിച്ചപേക്ഷിക്കുന്നവൻ ഏവനും രക്ഷിക്കപ്പെടും; യഹോവ അരുളിച്ചെയ്തതുപോലെ സീയോൻ പർവ്വതത്തിലും യെരുശലേമിലും ഒരു രക്ഷിതഗണവും ശേഷിച്ചിരിക്കുന്നവരുടെ കൂട്ടത്തിൽ യഹോവ വിളിപ്പാനുള്ളവരും ഉണ്ടാകും (യോവേ. 2:32).

ഒരിക്കൽ ഒരു സ്കൂളിലെ പ്രധാനാധ്യാപിക രാജി വച്ചു. മറ്റൊരാളെ കണ്ടുപിടിക്കുന്നതിനുള്ള തിരക്കിലായി സ്കൂൾ ചുമതലയുള്ള പട്ടക്കാരൻ. വളരെ പരിശ്രമത്തിനുശേഷം ഒരാളെ കണ്ടു, സംസാരിച്ചു. അധ്യാപനത്തിൽ നിന്നും വിശ്രമജീവിതം നയിക്കുന്ന ഒരു സ്ത്രീ ആയിരുന്നു. സ്കൂളിന്റെ ആവശ്യങ്ങളൊക്കെ അറിയിച്ചു. കേട്ടതിനുശേഷം അവർ ഇങ്ങനെ പ്രതികരിച്ചു. 'നിങ്ങൾ എന്തിനാണ് വിഷമിക്കുന്നത്? പ്രാർത്ഥിച്ചു തുടങ്ങിയ സംരഭമല്ലേ? ദൈവം കൂടെക്കാണും. ദൈവം വഴിയൊരുക്കും. 'ആകുലതയോടെ ചെന്നയിടത്തുനിന്നും പ്രത്യാശയുടെ മുഖവുമായി തിരികെ വരുവാൻ ആ പട്ടക്കാരന് ഇടയായി. കൂടെയുള്ള ദൈവത്തിന്റെ സാന്നിദ്ധ്യമാണ് അവിടെ അനുഭവിച്ചറിഞ്ഞത്. ഒപ്പം ദൈവസാന്നിദ്ധ്യത്തിൽ അടിയുറച്ചു വിശ്വസിക്കുന്ന ഒരു വിശ്വാസിയെയും 'ദൈവാത്മാവ് നടത്തുന്നവർ ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു' എന്നും (റോമ. 8:14) നാം ദൈവത്തിന്റെ മക്കൾ എന്ന് ആത്മാവ് തന്നെ നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യം പറയുന്നു എന്നും ദൈവവചനത്തിലൂടെ നമുക്ക് ലഭിക്കുന്ന ഉറപ്പാണ് (റോമ. 8:16). തക്ക സമയത്തുള്ള പരിശുദ്ധാത്മാവിന്റെ ഇടപെടീൽ എന്നും പ്രത്യാശയുടെ സൗരഭ്യം നൽകുന്നതാണ്. അവിടെ പുതുക്കത്തിന്റെ സംഗീതമുണ്ട്. നമ്മുടെ ജീവിതത്തിലുടനീളം പുതുമയുടെ സംഗീതം പൊഴിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. ഗായക സംഘദിനമായി ആചരിക്കുന്ന ഈ ദിനത്തിലും ഈ അർത്ഥത്തിൽ ഈ അനുഭവത്തിൽ നാം ആയിരിക്കണം. പദങ്ങൾ കൂട്ടിച്ചേർത്ത് ശ്രുതിമധുരമായി പാടുക മാത്രമല്ല. ആലാപനത്തിലും ആസ്വാദനത്തിലും പരിശുദ്ധാത്മാവിന്റെ നിറവിനായുള്ള ഒരുക്കവും നമുക്കാവശ്യമാണ്.

**2. പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം: അത് നിരപ്പിന്റെ സൗരഭ്യം**

കർത്താവിന്റെ പ്രാർത്ഥന മനഃപാഠമാക്കിയവരാണ് നാമേവരും. ഒരുപക്ഷേ നന്നായി പാടാനറിയാവുന്നവരും. ഇങ്ങനെ നാം പറയുന്നു, 'ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളും ദോഷങ്ങളും ഞങ്ങളോട് ക്ഷമിക്കേണമേ'.

'അന്യരോടെങ്ങൾ ക്ഷമിച്ചതുപോൽ
അടിയാർ പാപം മോചിക്ക'

അതിന്റെ അർത്ഥം ഇപ്രകാരമാണ്. ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിട്ടില്ലെങ്കിൽ ദൈവമേ നീ ഞങ്ങളോടും ക്ഷമിക്കരുതേ. ഓർക്കുക ഇങ്ങനെയാണ് നാം പ്രാർത്ഥിക്കുന്നത്. നമ്മെ നന്നായി അറിയുന്നവൻ നമ്മുടെ കുറവുകൾ നന്നായി അറിയുന്നവൻ അവയൊന്നും അറിയാത്തവനെപ്പോലെയാണ് പലപ്പോഴും ദൈവം നമ്മോട് പ്രതികരിക്കുന്നത്. നാം ചോദിച്ചാൽ നമ്മുടെ കുറവുകൾ നോക്കാതെ നൽകുന്നു. നാം വിളിച്ചാൽ വിളി കേൾക്കുന്നു. അവന്റെ ക്രൂശുമരണത്തിലൂടെ നാം ചോദിക്കാതെ നമ്മോട് നിരന്നവനാണ് യേശുക്രിസ്തു. നമ്മുടെ പാപങ്ങൾക്ക് വേണ്ടി സ്വയം ശിക്ഷ ഏറ്റുവാങ്ങി നിരന്നു. ഈ അനുഭവം കണ്ടു നിൽക്കാനല്ല കാണിച്ചുകൊടുക്കുവാനാണ് നമ്മെക്കുറിച്ച് ദൈവം ആഗ്രഹിക്കുന്നത് വലിയനോമ്പ് ആരംഭിക്കുമ്പോൾ അനുരഞ്ജനത്തിന്റെ ശുശ്രൂഷയിൽ പങ്കുകാരാകുന്നവരാണ് നാമോരോരുത്തരും. ക്ഷമ ചോദിക്കലിന്റെ ശുശ്രുഷ എന്നു പറയാം. നീ തെറ്റ് സമ്മതിക്കുന്നതുകൊണ്ട് ഞാൻ ക്ഷമിച്ചിരിക്കുന്നു എന്നല്ല പട്ടക്കാരൻ പറയാൻ ശ്രമിക്കുന്നത് 'വിശ്വാസികളെ, ഞാൻ നിങ്ങളോട് മാപ്പു ചോദിക്കുന്നു. ഞാൻ നിങ്ങളോട് ക്ഷമിച്ചിരിക്കുന്നു. നിങ്ങൾ ചോദിക്കാതെ തന്നെ'. ഇത് വെറും ഒരു ചടങ്ങല്ല. പരിശുദ്ധാത്മാവിനാൽ സാദ്ധ്യമാക്കേണ്ട വിശുദ്ധ സന്ദർഭമാണ്.

കർത്താവിന്റെ ക്ഷമയെക്കറിച്ച് നാം പാടും കർത്താവ് നിരപ്പായതിനെക്കുറിച്ച് നാം പറയും. നാം ക്ഷമിക്കുവാൻ തയ്യാറാണോ? നാം നിരപ്പിനു ശ്രമിക്കാറുണ്ടോ? ചോദ്യം നമ്മോടുതന്നെ ദൈവാലയ പണിയുമായി ബന്ധപ്പെട്ട് അതിരിന്റെ ഒരു പ്രശ്നം നടക്കുകയാണ്. ശരി പള്ളിയുടെ ഭാഗത്താണ്. അതിനാൽ എവിടെപ്പോയാലും നീതി ലഭിക്കും എന്ന ആത്മവിശ്വാസത്തോടെ പോലീസ് സ്റ്റേഷനിലേക്ക് പോയ എന്നോട് ഒരു ഹൈന്ദവ സുഹൃത്ത് ഒരു ചോദ്യം ചോദിച്ചു, 'ഫാദർ നിങ്ങളുടെ ദൈവം ക്ഷമിക്കാൻ പഠിപ്പിക്കുന്ന ദൈവമല്ലേ. പിന്നെ എങ്ങനെ നിങ്ങൾക്കിത് ചെയ്യുവാൻ സാധിക്കും. നിങ്ങൾക്ക് ക്ഷമിക്കുവാൻ സാധിക്കില്ലേ?' ഏറെ ചിന്തിപ്പിച്ച സംഭവമായിരുന്നു. പിന്നീട് ക്ഷമപറഞ്ഞ് പരാതി പിൻവലിച്ചത് ഈ സമയത്ത് ഓർക്കുന്നു.

പരിശുദ്ധാത്മാവ് നമ്മിൽ നിറയുമ്പോൾ നിരപ്പിന്റെ അനുഭവം താനെ വന്നു നിറയും. അവിടെ വിജയമല്ല ആത്മ നിർവൃതിയാണ്. അവിടെ നാം തോൽക്കുകയാണ്. മറ്റൊന്നിനുമല്ല. എനിക്കായി തോറ്റ യേശുവിനൊപ്പം ഓടിയെത്താൻ. ഇതാണ് നിരപ്പിന്റെ സൗരഭ്യം, സൗന്ദര്യം.

**3. പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം: ക്രിസ്തുവിനൊപ്പം സ്തുതിചൊല്ലുവാൻ പിതാവായ ദൈവം നൽകിയ അവകാശം**

'നാം മക്കളെങ്കിലോ അവകാശികളും കൂട്ടവകാശികളും ആകുന്നു. ദൈവത്തിന്റെ അവകാശികളും കൂട്ടവകാശികളും തന്നെ. ക്രിസ്തുവിന്റെ ഉയിർപ്പിനു ശേഷവും ഇനിയെന്ത് എന്ന് അറിയാതെ ഉഴലുന്ന ശിഷ്യരെ നാം കാണുന്നു. ഗലീല തീരത്ത് മീൻ പിടിക്കുവാൻ ശ്രമിക്കുന്ന തന്റെ ശിഷ്യരെ കണ്ട് അവരോടു ചോദിക്കുന്നു, 'മക്കളെ കൂട്ടുവാൻ വല്ലതുമുണ്ടോ? തുടർന്ന് നാം കാണുന്നത് ഒറ്റിക്കൊടുത്തവരും ഓടിയൊളിച്ചവരും ഒഴിവു പറഞ്ഞവരും തള്ളിപ്പറഞ്ഞവരും യേശുവിനരികെ വന്നപ്പോൾ സകലവും മറന്നു അവരെ അവൻ ചേർത്തുപിടിക്കുന്നതാണ്.

പരിശുദ്ധാത്മാവിന്റെ നിറവിൽ നാം കാണുന്നത് ഒരുമയുടെ ഒരു സംഗീതമാണ്. ആത്മാവിൽ നിറഞ്ഞ് ക്രിസ്തുവിനൊപ്പം പാടുക എന്നത് നമ്മുടെ അവകാശമാണ് എന്ന് നാം തിരിച്ചറിയണം. ഒരിക്കൽ യേശു സങ്കടം പറയുന്നത് നാം വായിക്കാറുണ്ട്. സൗഖ്യം ലഭിച്ച കുഷ്ഠരോഗികളിൽ നന്ദി പറയുവാൻ വന്നവൻ ഒരുവൻ മാത്രം മറ്റുള്ളവർ എവിടെ എന്ന് കർത്താവ് ചോദിക്കുന്നുണ്ട്. നമ്മിലേക്ക് ഒന്നു നോക്കാം. എത്രയോ തവണ കർത്താവിന് നന്ദി പറയാതെ മടങ്ങിയവരാണ് നാം. ആവശ്യമുള്ളത് ചോദിക്കുന്നതിന് നാവ് ഉടക്കാറില്ല. ആവശ്യം കഴിയുമ്പോൾ അത് മറക്കാനും നമുക്ക് മടിയില്ല. ആവശ്യത്തിന്റെ നടുവിൽ നമുക്കായി നിറയുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെ തിരിച്ചറിയാം. മറക്കാതെ മഹത്വപ്പെടുത്താം. അതുകൊണ്ടാണ് സാധു കൊച്ചുകുഞ്ഞ് ഉപദേശി പാടുന്നത്, 'ആരും സഹായമില്ലെല്ലാവരും പാരിൽ കണ്ടും കാണാതെയും പോകുന്നവർ. എന്നാൽ എനിക്കൊരു സഹായകൻ വാനിലുണ്ടെന്നറിഞ്ഞതിൽ ഉല്ലാസമേ'. 'നാം മക്കളെങ്കിലും അവകാശികളും ആകുന്നു; ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന്റെ കൂട്ടവകാശികളും തന്നേ; നാം അവനോടുകൂടെ തേജസ്കരിക്കപ്പെടേണ്ടതിന് അവനോടുകൂടെ കഷ്ടമനുഭവിച്ചാലത്രേ' (റോമ. 8:17). പരിശുദ്ധാത്മാവിനാൽ നമുക്ക് ലഭിച്ചിരിക്കുന്ന ഭാഗ്യവും അവകാശവുമാണ് ഇവിടെ വ്യക്തമാക്കുന്നത്. നമുക്ക് വേണ്ടി സാക്ഷ്യം പറയുവാൻ നമുക്കായി ഒരുക്കിയിരിക്കുനന ദൈവത്തിന്റെ ആത്മാവാണ് പരിശുദ്ധാത്മാവ്. അത് തിരിച്ചറിയുവാനും ആത്മാവിനെ നേടുവാനും നമുക്ക് കഴിയണം. ലളിതമായ ഒരു കാര്യമായി നാം കാണരുത്. ഏവർക്കും ഈ അനുഭവം ലഭ്യമാകണമെന്നുമില്ല. നിരന്തരം പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം ലഭ്യമാകുന്നതിന് പ്രാർത്ഥിക്കാം.

പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം പുതുക്കത്തിന്റെ അനുഭവം നൽകുന്നതാണ്, നിരപ്പിന്റെ അനുഭവത്തിലേക്ക് നമ്മെ നയിക്കുന്നതാണ്, മാത്രമല്ല ക്രിസ്തുവിനൊപ്പം ദൈവത്തെ മഹത്വീകരിക്കുന്നതിനായ് ദൈവം നമുക്ക് നൽകിയിരിക്കുന്ന അവകാശവും പദവിയും സമ്മാനവുമാണ്.

*പ്രാർത്ഥന: ജീവദാതാവായ ദൈവമേ, സർവ്വസൃഷ്ടിയുടെയും മേൽ നിന്റെ ശ്വാസം ഊതുകയും നിന്റെ ആത്മാവിനെ ഭൂമിയിലേക്കയയ്ക്കുകയും ചെയ്തുവല്ലോ. സകലത്തേയും രൂപാന്തരപ്പെടുത്തുന്നവനേ, നിന്റെ സ്നേഹത്താൽ നിരപ്പിന്റെ അനുഭവത്തിലേക്ക് ഞങ്ങളെ നയിക്കേണമേ. മറന്നുപോകാതെ നിന്നെ മഹത്വീകരിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. കുറവുകളെ ക്ഷമിക്കേണമേ ആമേൻ.*

പ്രസംഗക്കുറിപ്പ്

**2021 മെയ് 31 ഞായർ ഞായർ**
പുറ. 19:17 – 25, ഗലാ. 4:1 – 7
2 കൊരി. 13:11 – 14, യോഹ 1:1 – 18



# ത്രിയേക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു



റവ. അലക്സ് മൈലച്ചൽ

ത്രിയേക ദൈവത്തിലുള്ള വിശ്വാസം സഭയുടെ അടിസ്ഥാനപരമായതാണ്. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന മൂന്ന് ആളത്തങ്ങളെയും ഏക ദൈവം എന്ന വിശ്വാസവും മനുഷ്യയുക്തിക്ക് അതീതമായ രഹസ്യമാണ്. ദൈവം ഒരുവൻ മാത്രമാണ്. ദൈവം ത്രിയേകനാണ്. പിതാവ് ദൈവമാണ്. പുത്രൻ ദൈവമാണ്. പരിശുദ്ധാത്മാവും ദൈവമാണ്. എന്നാൽ അത് മൂന്ന് ദൈവസങ്കല്പങ്ങളല്ല. ഒരേ സത്തയും സാരാംശവും ഉൾക്കൊള്ളുന്ന മൂന്ന് ആളത്തങ്ങൾ എന്ന ദർശനം സഭയുടെ അടിസ്ഥാന പ്രമാണമാണ്. ത്രിയേക ദൈവത്തിലാണ് സഭ വിശ്വസിക്കുന്നത്. ഒന്ന് ഒന്നിനേക്കാൾ ഉയർന്നതോ താഴ്ന്നതോ അല്ല. പിതാവും പുത്രനും പരിശുദ്ധാത്മാവും തമ്മിലുള്ള ബന്ധത്തിലും പാരസ്പര്യതയിലും നിലനിൽക്കുന്ന ദൈവശാസ്ത്ര ദർശനം സഭ മുറുകെ  പിടിക്കേണ്ടതാണ്.

**ത്രിത്വം: ബന്ധങ്ങളുടെ സ്വരൈക്യ ദർശനം**

ത്രിത്വം ബന്ധങ്ങളുടെ വസന്തമാണ്. ഒരുമയുടെ ആഘോഷമാണ്. വാക്കിലൂടെയും ക്രിയാത്മകതയിലൂടെയും സകലവും ചമച്ച ദൈവവും ദൈവത്തിൽ നിന്നകന്ന ലോകത്തെ

സ്നേഹത്തിലൂടെ വീണ്ടെടുത്ത പുത്രനും സത്യവും നീതിയും ന്യായവിധിയും ഓർമ്മപ്പെടുത്തുന്ന കാര്യസ്ഥനായ പരിശുദ്ധാത്മാവും ചേരുന്ന സ്വരൈക്യ ദർശനമാണ് വേദപുസ്തകം പങ്കുവയ്ക്കന്നത്. ത്രിത്വദർശനം ദൈവജനത്തിന്റെ ബന്ധങ്ങളിലുണ്ടാകേണ്ട മാതൃകയാണ്.

യോഹന്നാൻ 1: 1–18 വരെയുള്ള വേദഭാഗം യോഹന്നാൻ എഴുതിയ സുവിശേഷത്തിന്റെ ആമുഖമാണ്. പിതാവും പുത്രനും തമ്മിലുള്ള ബന്ധത്തെയാണ് പ്രസ്തുത വേദഭാഗം വിവരിക്കുന്നത്. ത്രിത്വത്തിലെ ബന്ധം നിസ്വാർത്ഥവും നിരുപാധികവുമാണ്. 'വചനം ജഡമായിത്തീർന്നു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു ഞങ്ങൾ അവന്റെ തേജസ് പിതാവിൽ നിന്നും ഏകജാതനായവന്റെ തേജസായി കണ്ടു' (യോഹ. 1:14). പിതാവിന്റെ സത്തയ്ക്കും സാരാംശത്തിനും തുല്യമായ പുത്രനെക്കുറിച്ചാണ് വിവരണം. 'ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു' (യോഹ. 1:18) ദൈവബന്ധത്തെക്കുറിച്ചാണ് പറഞ്ഞത്. ത്രിത്വം സ്വരൈക്യപരമായി നിലനിൽക്കുന്ന ദൈവബന്ധമാണ്. വർഗീയതയും ജാതിയതയും തീവ്രവാദവും ഒരുക്കുന്ന വെറുപ്പിന്റെ കാലഘട്ടത്തിൽ ത്രിത്വം ബന്ധത്തിന്റെ സ്വരൈക്യ പ്രത്യയശാസ്ത്രമാണ് മുനനോട്ടു വയ്ക്കുന്നത്.

**ത്രിത്വം: വിശ്വാസപ്രമാണമാകേണ്ട ദൈവിക ബോധ്യം**

യോഹന്നാൻ അപ്പൊസ്തലൻ പിതാവും പുത്രനും തമ്മിലുള്ള ബന്ധത്തെ വ്യക്തമാക്കുന്നതോടൊപ്പം രഹസ്യാത്മകമായ ദൈവീക ബോധ്യവും വ്യക്തമാക്കുന്നു. ജഡം ധരിച്ച വചനം ആദിമുതലുള്ളതാണ്. ജഡം ധരിച്ച വചനം സൃഷ്ടിക്കുന്ന വചനവുമാണ് 'വചനം ജഡമായിത്തീർന്നു' (യോഹ. 1:14). 'ആദിയിൽ വചനം ഉണ്ടായിരുന്നു വചനം ദൈവത്തോടു കൂടെ ആയിരുന്നു. വചനം ദൈവമായിരുന്നു. അവൻ ആദിയിൽ ദൈവത്തോടുകൂടെയായിരുന്നു. സകലവും അവൻ മുഖാന്തിരം ഉളവായി. ഉളവായതൊന്നും അവനെ കൂടാതെ ഉളവായതല്ല' (യോഹ. 1:1–3). ത്രിത്വദൈവം ആദിമുതലുള്ളതാണ്. സൃഷ്ടിയിൽ ത്രിയേക ദൈവം പങ്കാളിയാണ്. 'സർവ്വലോകങ്ങൾക്കും മുമ്പേ പിതാവിൽ നിന്നും ജനിച്ചവൻ' എന്ന് നിഖ്യാ വിശ്വാസം പ്രമാണം രേഖപ്പെടുത്തുന്നു. പരസ്പര പൂരകമായ ബന്ധുത്വത്തെയാണ് ത്രിത്വ ദർശനം പങ്കുവയ്ക്കുന്നത്. വ്യത്യസ്ത ആളത്തങ്ങൾ എന്നാൽ ഒരേ സത്തയും സാരാംശവും ഉൾക്കൊള്ളുന്ന ഒരുമയുടെ ആഘോഷമാണ് ത്രിയേക ദൈവത്തിൽ ദർശിക്കുന്നത്.

സാരാംശത്തിൽ ഏകമായിരിക്കുന്ന ത്രിയേക ദൈവം എന്ന ദർശനം രണ്ടാം നൂറ്റാണ്ടുമുതൽ സഭയിൽ പൊതുവായി ഉപയോഗിക്കുന്നു. രണ്ടാം നൂറ്റാണ്ടിൽ സഭാ പിതാവായ തെർത്തുല്യൻ പിതാവും പുത്രനും പരിശുദ്ധാത്മാവും തമ്മിലുള്ള ബന്ധത്തെ 'Trinitate' എന്ന വാക്കിലൂടെ അവതരിപ്പിച്ചു. സഭാ പിതാവായ അത്താനാസ്യോസ് 'ഒരുപോലെ ആരാധിക്കപ്പെടുന്ന മൂന്ന് വ്യക്തിത്വങ്ങൾ' എന്ന് ത്രിത്വത്തെ നിർവ്വചിച്ചു. നാലാം നൂറ്റാണ്ടിൽ കപ്പദോക്യൻ

> “
>
> **ത്രിയേക ദൈവത്തിലുള്ള വിശ്വാസം ദൗത്യത്തിന്റെ തുടർച്ചയാണ്. വിശ്വാസ സമൂഹം ജീവിതശൈലിയായി സ്വീകരിക്കേണ്ടതും പകരപ്പെടേണ്ടതും ഈ ത്രിയേക ദൈവബന്ധത്തെയാണ്.**

പിതാക്കന്മാർ പൗരസ്ത്യ സഭയുടെ വിശ്വാസം പ്രഖ്യാപിച്ചു. 'ഒരേ അസ്ഥിത്വത്തിലെ മൂന്ന് വ്യക്തിത്വങ്ങൾ' (One God head with the fellowship of three persons). ഒരേ സത്ത, ഒരേ സാരാംശം മൂന്ന് വ്യക്തിത്വങ്ങൾ എന്നതായിരുന്നു അത്താനാസ്യോസിന്റെ പഠിപ്പിക്കൽ. അഞ്ചാം നൂറ്റാണ്ടിൽ സെന്റ് അഗസ്റ്റിൻ ത്രിത്വത്തെ വിഭജിക്കപ്പെടാവാത്തത് (De-trinitate) എന്ന പദത്തിലാണ് നിർവ്വചിച്ചത്. മൂന്ന് വ്യത്യസ്ത കർത്തവ്യ നിർവ്വഹകരായ ഒരു ......... ജനിച്ചവനാണ്. എന്നാൽ സൃഷ്ടിയല്ല എന്നത് പ്രസ്താവ്യമാണ്. ഗ്നോസ്റ്റിക് – ഡോസറ്റിക് തുടങ്ങിയ വിശ്വാസ വിപരീത ദുരുപദേശങ്ങളോട് ദൈവീകമായ ബോധ്യം വ്യക്തമാക്കുന്നതാണ് ത്രിത്വോപദേശം. യേശു പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമാണ്. ത്രിത്വ ദൈവത്തിലുള്ള വിശ്വാസം ഒരു ദൈവീക ബോധ്യമാണ്. 'അവൻ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഇഷ്ടത്താലുമല്ല, ദൈവത്തിൽ

നിന്നത്രെ ജനിച്ചത്' (യോഹ. 1:13). ത്രിത്വത്തിന്റെ അസ്തിത്വബന്ധം യോഹന്നാൻ വ്യക്തമാക്കുന്നു. മൂന്ന് വ്യത്യസ്ത വ്യക്തിത്വവും ഒരേ ബന്ധവും ചേരുന്ന അസ്ഥിത്വം എന്ന ജ്വാർഗൻ മോൾട്ടുമാന്റെ പ്രസ്താവന പകരുന്ന ദൈവീക ബോധ്യം നമുക്ക് അനിവാര്യമാണ്.

വിശ്വാസ സമൂഹത്തിന്റെ ദൈവികമായ വിശ്വാസ പ്രമാണങ്ങൾ വിശ്വാസ പരിപോഷണത്തിനാണ്. 'ഞാൻ പിതാവിന്റെ അടുക്കൽ നിന്നു നിങ്ങൾക്കയപ്പാനുള്ള കാര്യസ്ഥനായി പിതാവിന്റെ അടുക്കൽ നിന്നു പുറപ്പെടുന്ന സത്യാത്മാവ് വരുമ്പോൾ അവൻ എന്നെക്കുറിച്ചു സാക്ഷ്യം പറയും' (യോഹ. 15:26). 'പിതാവിൽ നിന്നും പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനും' നിഖ്യാവിശ്വാസപ്രമാണം രേഖപ്പെടുത്തുന്നത്, പിതാവിൽ നിന്നുള്ള ഏകപുറപ്പാടും തുല്യമായി ആരാധിക്കപ്പെടുന്നു എന്ന വ്യക്തതയുമാണ്. എന്നാൽ പതിനൊന്നാം നൂറ്റാണ്ടിൽ പരിശുദ്ധാത്മാവിന്റെ പുറപ്പാട് സംബന്ധിച്ചുള്ള വ്യത്യസ്താഭിപ്രായം (Filioque Glanse) സഭയെ കിഴക്കും പടിഞ്ഞാറും എന്ന് രണ്ടായി വിഭജിച്ചു എന്നത് ചരിത്ര യാഥാർത്ഥ്യമാണ്. ചരിത്രത്തിൽ ഇനിയും ഉണങ്ങാത്ത മുറിവായി അത് അവശേഷിക്കുന്നു. വിശ്വാസ ബോധ്യങ്ങൾ സഭയുടെ കെട്ടുറപ്പിനാകണം. ത്രിത്വദർശനം വിശ്വാസ സമൂഹത്തിന്റെ ദൈവീക ബോധ്യമാണ്.

**ത്രിത്വം ദർശനം: വിശ്വാസ സമൂഹം പിന്തുടരേണ്ട ജീവിതശൈലി**

സഭയുടെ അടിസ്ഥാന പ്രമാണവും ദൗത്യവും ത്രിയേക ദൈവത്തിലുള്ള വിശ്വാസത്തിലാണ് ത്രിയേക



ദൈവബന്ധം വിശ്വാസ സമൂഹത്തിൽ പ്രതിഫലിക്കേണ്ട ജീവിത ശൈലിയാണ്. 'കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങളെല്ലാവരോടും കൂടെയിരിക്കട്ടെ' (2 കൊരി. 13:14). കൃപ, സ്നേഹം, കൂട്ടായ്മ എന്നിവ ത്രിത്വ ദൈവത്തിലെ സ്വഭാവങ്ങളാണ്. പാപത്തിൽ മനുഷ്യസത്ത വികലമാക്കപ്പെട്ട മനുഷ്യനെ വീണ്ടെടുക്കാനുള്ള ദൈവത്തിന്റെ ഇടപെടലാണ് ദൈവത്തിന്റെ മനുഷ്യാവതാരം എന്ന് നിസംശയം പറയാം. മനുഷ്യന്റെ വീണ്ടെടുപ്പ് ദൈവകൃപയിലാണ് അടിസ്ഥാനപ്പെട്ടിരിക്കുന്നത്. ത്രിത്വ ദൈവത്തെക്കുറിച്ചുള്ള മനസ്സിലാക്കൽ ജഡാവതാരവുമായി ബന്ധപ്പെട്ടതാണ്. അർഹതയില്ലാത്ത ദൈവത്തിന്റെ ദാനമാണ് കൃപ. നമ്മുടെ രക്ഷയുടെ അടിസ്ഥാനം ദൈവത്തിന്റെ കൃപയിലാണ്. യേശുക്രിസ്തുവിലൂടെ ലഭ്യമായ കൃപയെ പകർന്ന് നൽകുവാൻ വിശ്വാസ സമൂഹത്തിന് സാധ്യമാകണം. തന്റെ ഏകജാതനായ പുത്രനെ നൽകുവാൻ ദൈവം കാണിച്ച സ്നേഹം ലോകം കണ്ടതിൽ വച്ചും ഏറ്റവും ഉദാത്തമാണ്. ലോകത്തെ സ്നേഹിച്ച അതുല്യ സ്നേഹമാണ് പിതാവായ ദൈവത്തിൽ ദർശിക്കുന്നത് (യോഹ. 3:16). പിതാവായ ദൈവത്തിൽ വിളങ്ങിയ സ്നേഹത്തിന്റെയും പുത്രൻ പകർന്ന കൃപയുടെയും ദൃശ്യഭവമാകണം പരിശുദ്ധാത്മാവിനാൽ വിശ്വാസ സമൂഹത്തിൽ വിളങ്ങിനിൽക്കുന്ന കൂട്ടായ്മ ബന്ധം.

സഭ ലോകത്തിൽ ദൈവത്തിന്റെ ദൗത്യം നിർവ്വഹിക്കുന്ന ചാലകങ്ങളാണ്. ദൈവത്തിന്റെ ദൗത്യം ലോകത്തിൽ പകരേണ്ടത് ത്രിയേക ദൈവത്തിലുള്ള ദർശനത്തിലാണ്. അത് വിശ്വാസസമൂഹത്തിന്റെ ജീവിതശൈലിയായിരിക്കണം. സഭ എന്നത് കൃപയും സ്നേഹവും ജഡം ധരിക്കുന്ന കൂട്ടായ്മയുടെ പ്രായോഗിക ഇടമാണ്. ദൗത്യത്തിന്റെ തുടർച്ചയിൽ പങ്കാളികളാകുവാനുള്ള സമർപ്പണമാണ്.

**ഉപസംഹാരം**

ത്രിയേക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു എന്നു സഭ ഏറ്റു പറയുമ്പോൾ ത്രിയേക ദൈവത്തിലുള്ള ബന്ധങ്ങളുടെ സ്വരൈക്യത്തെ നമ്മൾ പിൻപറ്റുന്നു എന്നതാണ്. ത്രിയേക ദൈവത്തിലുള്ള വിശ്വാസ ബോധ്യങ്ങൾ സഭ അടിസ്ഥാനമായി സ്വീകരിക്കുന്നു. ത്രിയേക ദൈവത്തിലുള്ള വിശ്വാസം ദൗത്യത്തിന്റെ തുടർച്ചയാണ്. വിശ്വാസ സമൂഹം ജീവിതശൈലിയായി സ്വീകരിക്കേണ്ടതും പകരപ്പെടേണ്ടതും ഈ ത്രിയേക ദൈവബന്ധത്തെയാണ്.



പ്രൊഫ. പി.ജി. ഫിലിപ്പ്
പാറപ്പാട്ട്, കോഴഞ്ചേരി

# ജ്ഞാനത്തിലും കൃപയിലും വളരുക



*'യേശുവോ ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിലും മുതിർന്നു വന്നു' (ലൂക്കൊ. 2:52).*

ഒരു വ്യക്തിയുടെ വിദ്യാഭ്യാസം എന്നു മുതൽ ആരംഭിക്കുന്നു എന്നത് എല്ലാ കാലത്തും ഒരു ചർച്ചാ വിഷയമാണ്. എവിടെ ആരംഭിക്കുന്നു എന്നോ എപ്പോൾ അവസാനിക്കുന്നു എന്നോ നിർവ്വചിക്കാൻ പറ്റാത്ത ഒരു തുടർ പ്രക്രിയ ആണ് വിദ്യാഭ്യാസം. ഗർഭകാലം മുതൽ അമ്മയുടെ സന്തോഷത്തിലും ദുഃഖത്തിലും കുട്ടി പങ്കു ചേരുന്നു എന്ന് വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു. യേശുവിന്റെ അമ്മ മറിയ യെഹൂദ്യ മലനാട്ടിൽ എത്തി എലിസബത്തിനെ വന്ദിച്ചപ്പോൾ അവളുടെ ഗർഭത്തിൽ ഉണ്ടായിരുന്ന കുട്ടി തുള്ളി എന്ന് നാം വായിക്കുന്നു (ലൂക്കൊ. 1:41). ഭൂമിയിലേക്ക് പിറന്നു വീഴുന്ന കുട്ടി ഈ ലോകത്തിൽ ഒരു നല്ല ജീവിതത്തിനു വേണ്ടതെല്ലാം പഠിക്കുന്നത് മാതാപിതാക്കളിൽ നിന്നും പിന്നീട് ഭവനാന്തരീക്ഷത്തിൽ നിന്നും ആണ്.

**2021 ജൂൺ 6 ഞായർ**
**വിദ്യാർത്ഥി ഞായർ**
1 കൊരി. 15: 12–19; 2 കൊരി. 5: 1–10; യോഹ. 20: 11–18.

ഇന്ന് ഔപചാരിക വിദ്യാഭ്യാസം പലപ്പോഴും ധനസമ്പാദനത്തിനുള്ള വിവരശേഖരണമായി മാറുന്നു. വിദ്യാഭ്യാസം കേവലം അറിവ് തേടലല്ല; നമ്മെ നല്ല മനുഷ്യരാക്കുന്ന പ്രക്രിയ ആണ്. ദൈവീക സ്പർശമുള്ള മനുഷ്യത്വമുള്ള അറിവിന്റെ തലമാണ് യഥാർത്ഥ വിദ്യാഭ്യാസം: കൊറോണ മഹാമാരിയുടെ പശ്ചാത്തലത്തിൽ ഔപചാരിക വിദ്യാഭ്യാസം ഓൺലൈൻ രീതിയിലേക്ക് മാറിയപ്പോൾ ഭവനം വിദ്യാലയമായി മാറുന്നതും നാം കണ്ടു. യഥാർത്ഥത്തിൽ ഒരുവന്റെ ആദ്യ വിദ്യാലയം കുടുംബവും അമ്മ ആദ്യ ഗുരുവുമാണ്. ആദ്യ ഗുരുക്കന്മാർ മാതാപിതാക്കൾ ആയതുകൊണ്ട് നന്മയുടെയും മനുഷ്യത്വത്തിന്റെയും ബാലപാഠങ്ങൾ അഭ്യസിച്ചു തുടങ്ങേണ്ടത് ഭവനത്തിൽ നിന്നു തന്നെയാണ്. നല്ല ബന്ധങ്ങൾ സൃഷ്ടിക്കുവാൻ കാത്തു സൂക്ഷിക്കുവാൻ ജയിക്കുവാൻ തോറ്റു കൊടുക്കുവാൻ ക്ഷമിക്കാൻ എല്ലാം പഠിക്കുന്നത് വീട്ടിൽ നിന്നാണ്.

## സമർപ്പണത്തിലേക്ക് നയിക്കുന്ന പതിവുകൾ

ബാലനായ യേശു മാതാപിതാക്കളോടൊപ്പം യെരുശലേം ദൈവാലയത്തിലേക്ക് പോയത് ഒറ്റപ്പെട്ട ഒരു സംഭവം അല്ല. ആ ഭവനത്തിലെ ചില നല്ല പതിവുകളിൽ ഒന്നാണ് പതിവായ ദൈവാലയ സന്ദർശനം. ആ യാത്ര തന്നെ തുടർ വിദ്യാഭ്യാസത്തിന്റെ ഭാഗമായി കണക്കാക്കാം. മാതാപിതാക്ക

ളും ബന്ധുമിത്രാദികളും അടങ്ങുന്ന ഒരു വലിയ സംഘത്തോടൊപ്പമാണ് ബാലനായ യേശു യാത്ര ചെയ്തിരുന്നത്. നല്ല സാമൂഹ്യ ബന്ധങ്ങൾ വളർത്തിയെടുക്കുന്നതിലും സഹയാത്രികരുടെ വിവിധങ്ങളായ ആവശ്യങ്ങളിൽ ഇടപെടുന്നതിനും യേശുവിന് അവസരം ലഭിച്ചിട്ടുണ്ടാവും. ഔപചാരിക വിദ്യാഭ്യാസത്തിൽ ഗുരുമുഖത്ത് നിന്നും ലഭിക്കേണ്ട നന്മയുടെ മൂല്യത്തിന്റെ ധാർമ്മികതയുടെ തലം കുട്ടികൾക്ക് സാമൂഹ്യ ഇടപെടലിലൂടെ ഒരു പരിധിവരെ നേടുവാൻ കഴിയും എന്ന് ഈ സംഭവം നമ്മെ ഓർമ്മപ്പെടുത്തുന്നു. തന്റെ ഭവനത്തിൽ നിന്നും ചുറ്റുപാടിനെ കുറിച്ച് ലഭിച്ച ശരിയായ ധാരണകൾ ഈ യാത്രാവേളകൾ ഫലപ്രദമായി ഉപയോഗിക്കുന്നതിന് യേശുവിനെ സഹായിച്ചിട്ടുണ്ട്. ഇത്തരം യാത്രകൾ ജീവിതത്തിലെ പ്രതികൂലങ്ങളെ അതിജീവിക്കുന്നതിനും മാനസികമായി കരുത്തു തേടുന്നതിനും മറ്റുള്ളവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും പരിഹാരം തേടുന്നതിനും കുട്ടികളെ സഹായിക്കുന്നു. കേവലം പന്ത്രണ്ട് വയസുള്ള ബാലനെ സ്വതന്ത്രമായി സഞ്ചരിക്കുന്നതിനും മറ്റുള്ളവരുമായി ഇടപെടുന്നതിനും മാതാപിതാക്കൾ അനുവദിച്ചിരുന്നു. അതുകൊണ്ടാണ് മടക്കയാത്രയുടെ തുടക്കത്തിൽ യേശു യാത്രാസംഘത്തിൽ ഉണ്ടാവും എന്ന് മാതാപിതാക്കൾ കരുതിയത്.

**അസ്ഥിത്വത്തിന്റെ തിരിച്ചറിവുകൾ**

ദൈവാലയ സന്ദർശനം തിരുകുടുംബത്തിന്റെ പതിവ് പരിപാടികളിൽ ഒന്നായതിനാൽ യെരുശലേം ദൈവാലയവും പരിസരവും ചർച്ചകൾ നടക്കുന്ന ഇടങ്ങളും ബാലനായ യേശുവിന് പരിചിതവുമായിരുന്നു. ദൈവാലയത്തിൽ ഉപദേഷ്ടാക്കന്മാരുടെ ഒപ്പം ഇരുന്നു ചർച്ചകളിൽ ഏർപ്പെടുന്നതും യേശുവിന്റെ പതിവുകളിൽ ഒന്നായിരിക്കണം. നമ്മുടെ കുഞ്ഞുങ്ങൾ വിദ്യാഭ്യാസത്തിലൂടെ ബൗദ്ധികതലത്തിൽ മാത്രമല്ല മാനസികവും ആത്മീയവുമായ തലങ്ങളിലും വളർന്ന് അവനവനും സമൂഹത്തിനും കൊള്ളാവുന്നവരായി മാറേണ്ടതുണ്ട്. യേശുവിന്റെ വളർച്ചയിൽ യെരുശലേം ദൈവാലയാന്തരീക്ഷം ഒരുപാട് സ്വാധീനിച്ചിട്ടുണ്ടാവാം. ന്യായപ്രമാണങ്ങളും തിരുവെഴുത്തുകളും തലനാരിഴ കീറി വിശകലനം ചെയ്യുന്ന അത്തരം സംവാദങ്ങൾ യേശുവിന്റെ ജ്ഞാനത്തിലുള്ള വളർച്ചയിൽ സഹായിച്ചിട്ടുണ്ട്.

ദൈവാലയ സന്ദർശനത്തിന് ശേഷമുള്ള മടക്കയാത്രയിൽ യേശുവിനെ കാണായ്കയിൽ മാതാപിതാക്കൾ യേശുവിനെ തിരക്കി ദൈവാലയത്തിൽ എത്തുമ്പോഴുള്ള യേശുവിന്റെ മറുപടി ശ്രദ്ധേയമാണ്, 'എന്നെ തിരഞ്ഞത് എന്തിന് എന്റെ പിതാവിനുള്ളതിൽ ഞാൻ ഇരിക്കേണ്ടത് എന്ന് നിങ്ങൾ അറിയുന്നില്ലയോ?' എന്നുള്ള പ്രതികരണം തന്റെ അസ്തിത്വത്തെ സംബന്ധിച്ചുള്ള വ്യക്തമായ ധാരണ വെളിപ്പെടുത്തുന്നതാണ്. പിതാവുമായുള്ള തന്റെ ബന്ധവും തന്റെ നിയോഗവും യേശുവിന്റെ ആ മറുപടിയിൽ ഉൾക്കൊണ്ടിരിക്കുന്നു.

**വ്യക്തിത്വത്തിന് മാറ്റുകൂട്ടുന്ന ഉത്തരവാദിത്വങ്ങൾ**

ദൈവാലയത്തിൽ നിന്ന് യോസഫിന്റെയും മറിയയുടെയും ഒപ്പം വീട്ടിലേക്ക് മടങ്ങുന്ന യേശു പിന്നീട് നസ്രേത്തിൽ അവർക്ക് കീടഴങ്ങിയിരുന്നു എന്ന് നാം വായിക്കുന്നു (ലൂക്കൊ. 2:51). ജ്ഞാനത്തിലുള്ള വളർച്ച തന്റെ അസ്തിത്വവും ഉത്തരവാദിത്വങ്ങളും യേശുവിന് വെളിപ്പെടുത്തിക്കൊടുത്തു. ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിൽ വളരുന്ന കുട്ടികൾക്ക് മാത്രമേ തനിക്കും സമൂഹത്തിനും പ്രയോജനമുള്ളവരായി മാറുവാൻ കഴിയുകയുള്ളു. അങ്ങനെയുള്ളവരാണ് ഭൂമിക്ക് ഉപ്പായി തീരുന്നതും ലോകത്തിന്റെ വെളിച്ചങ്ങളായി ശോഭിക്കുന്നതും. മുപ്പത് വയസ്സ് വരെ തച്ചനായ പിതാവിനോടൊപ്പം കുടുംബത്തോടൊപ്പം തന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റിക്കൊണ്ടു അനുസരണയോട് ജീവിച്ചു എന്ന് നാം മനസ്സിലാക്കുന്നു. പിന്നീട് പരസ്യശുശ്രൂഷയുടെ കാലഘട്ടത്തിലും യേശു തന്റെ ഉത്തരവാദിത്വങ്ങൾ മറക്കുന്നില്ല. അവസാനം ക്രൂശിൻ ചുവട്ടിൽ വച്ച് താൻ സ്നേഹിച്ച ശിഷ്യനോട് 'ഇതാ, നിന്റെ അമ്മ' എന്ന് പറഞ്ഞ് എല്ലാ ഉത്തരവാദിത്വങ്ങളും പൂർത്തീകരിക്കുന്ന യേശുവിനെയാണ് നാം കാണുന്നത്.

നല്ല വിദ്യാഭ്യാസം കുട്ടികളിൽ നല്ല പതിവുകൾ സൃഷ്ടിക്കുന്നതും തന്റെ അസ്തിത്വവും ചുമതലകളും മനസ്സിലാക്കുന്നതിന് സഹായിക്കുന്നതും ആയിരിക്കണം. ഇന്ന് നാം നമ്മുടെ കുട്ടികൾക്കു നൽകുന്ന വിദ്യാഭ്യാസം ഇത്തരത്തിൽ ആകുന്നതിനും അതിലൂടെ ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിൽ മുതിർന്നു വരുന്ന ഒരു പുതിയ തലമുറ രൂപപ്പെടുത്തുന്നതിനായി നമുക്ക് പ്രവർത്തിക്കാം പ്രാർത്ഥിക്കാം.

# അതിജീവനത്തിന്റെ പാതയിൽ



ഡോ. ഷൈനി തോമസ്

ഇത് അതിജീവനത്തിന്റെ അനിവാര്യത വെളിപ്പെടുന്ന കാലം. അനിശ്ചിതത്വവും ഭയാകുലതകളും പ്രവൃത്തിയെ മന്ദമാക്കുന്ന കാലം. എപ്പോഴോ തെറ്റിപ്പോയ കാലക്രമത്തിലെ മഴയും വെയിലും പേറി നിൽക്കുന്ന പ്രപഞ്ചം. ഭീതിയുളവാക്കുന്ന കാഴ്ചകൾ കണ്ട് സംഭ്രമിക്കുന്ന ആകാശവും ജലമില്ലാതെ ഉഴറിയൊഴുകുന്ന നദികളും ഈ കാലത്തിന്റെ



മൂകസാക്ഷികൾ. ആത്മശരീരമനസ്സുകളിൽ മുറിവേറ്റു പിടയുന്ന ലോകം. നിസ്സഹായരായി മാറുന്ന മനുഷ്യർ.

മഹാമാരിയെ ലോകം നേരിടുന്നത് ആദ്യമായല്ല. പട്ടിണിമരണങ്ങളും രോഗം ബാധിച്ചുള്ള കൂട്ടമരണങ്ങളും ലോകത്തു സംഭവിക്കുന്നതും പുതുതായല്ല. എന്നാൽ ചില ഭൂപ്രദേശങ്ങളെയെങ്കിലും ഒഴിച്ചുനിർത്താതെ ഒരു പകർച്ചവ്യാധിയും ഉണ്ടായിട്ടില്ല. ലോകത്തെയാകമാനം നിരാശയിൽ മുക്കിക്കളയുന്ന ഒരു പ്രകൃതിക്ഷോഭവും ഉണ്ടായിട്ടില്ല. പ്രതീക്ഷയുടെ കിരണങ്ങൾ ബാക്കിവയ്ക്കാതെ ഒരു ദുരന്തവും ഉണ്ടായിട്ടില്ല. ചരിത്രത്തിലിന്നുവരെയില്ലാത്തതാണ് ഇപ്പോൾ സംഭവിച്ചിരിക്കുന്നത്.

അതിജീവനമാണ് ഈ കാലഘട്ടത്തിന്റെ അനിവാര്യത. സ്നേഹവും ക്ഷമയും കാരുണ്യവും സമൂഹം കല്പിക്കുന്ന കരുതൽ മാനദണ്ഡങ്ങളുമൊക്കെ അർത്ഥവത്തായ അതിജീവനമന്ത്രങ്ങളായി മാറുന്നു. അനുഷ്ഠാന ബദ്ധതയിൽ നിന്നു മോചിതരായി ഒത്തൊരുമയോടെ ചിന്തിക്കേണ്ട കാലം. ജാഗ്രതയുടെ കോട്ടയിൽ സ്വയം സുരക്ഷിതരാകുക എന്ന ആഹ്വാനമാണ് സദാ കാതിൽ മുഴങ്ങേണ്ടത്.

ഈ അതിജീവനയുഗത്തിൽ മനുഷ്യകുലം നേരിടുന്ന പ്രതിസന്ധികൾ വിവിധ തരത്തിലും തലത്തിലുമുള്ളവയാണ്. സാമ്പത്തിക നഷ്ടങ്ങൾ, തൊഴിൽ നഷ്ടങ്ങൾ, അപ്രതീക്ഷിത വേർപാടുകൾ, പ്രതീക്ഷയ്ക്കു വിപരീതമായ അനുഭവങ്ങൾ, ഭയപ്പാടും സംഭ്രമവും, ഏകാന്തത, കൂട്ടായ്മകളിൽ നിന്നു വേർപെട്ടു നിൽക്കുമ്പോൾ അനുഭവിക്കുന്ന അരക്ഷിതത്വം, വയോധികരുടെ അശരണാവസ്ഥ, സമയോചിതമായ ചികിത്സ ലഭ്യമാകാത്ത അവസ്ഥ, ഇങ്ങനെ നീണ്ടുപോകുന്നു അവ. ഈ സാഹചര്യത്തിലാണ് ആത്മീകമായി ബലപ്പെടേണ്ടതിന്റെ ആവശ്യകത ഏറുന്നത്. ദിശാബോധത്തോടെ പ്രവർത്തിക്കുന്നത് ഈ അവസരത്തിൽ അത്യാവശ്യമാണ്. ഉയിർപ്പു ഞായറിനു ശേഷമുള്ള ഏതാനും ആഴ്ചകളിൽ പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെടാനുള്ള പ്രത്യേക പ്രാർത്ഥനാവേളകളുണ്ട്. പരിശുദ്ധാത്മാവ് നമ്മെ നവീകരിക്കുകയും അനുഗ്രഹങ്ങളാൽ നിറയ്ക്കുകയും ചെയ്യും.

ദാരിദ്ര്യത്തിലൂടെയും മറ്റു വിഷമതകളിലൂടെയും കടന്നു പോകുന്നവരെ ചേർത്തു നിർത്തുവാനും ശുശ്രൂഷ ആവശ്യമുള്ളവരെ കരുതുവാനുമുള്ള ക്ഷമ നൽകുന്നത് പരിശുദ്ധാത്മാവാണ്. അസമാധാനത്തിന്റെ നടുവിലും സമാധാനത്തോടെയിരിക്കുവാനും പ്രക്ഷുബ്ധമായ അന്തരീക്ഷത്തിലും സൗമ്യതയോടെ പെരുമാറുവാനും പരിശുദ്ധാത്മാവ് നമ്മെ പ്രേരിപ്പിക്കും. ജീവിതത്തിലെ ഓരോ നിമിഷത്തിലും സ്നേഹവും സന്തോഷവും അനുഭവിക്കുവാനും ദീർഘക്ഷമയോടെ പ്രവർത്തിക്കുവാനും പരിശുദ്ധാത്മാവ് നമ്മെ സഹായിക്കും.

പൗലോസ് അപ്പൊസ്തലൻ ഗലാത്യർക്കെഴുതിയ ലേഖനം 5-ാമദ്ധ്യായം 22-ാം വാക്യത്തിൽ പരിശുദ്ധാത്മാവിന്റെ ഫലത്തെക്കുറിച്ച് വ്യക്തമായി രേഖപ്പെടുത്തുന്നു. 'ആത്മാവിന്റെ ഫലമോ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം'. ഈ കാലഘട്ടത്തിൽ ഏറ്റവും പ്രസക്തമാണ് ആത്മാവിന്റെ ഫലം. ആത്മാവിനെ ബലപ്പെടുത്തുന്ന പരിശുദ്ധാത്മാവിനെ പ്രാപിച്ചുകൊണ്ട് അതിജീവിതപാതയിൽ മുന്നേറാൻ ഏവർക്കും സാധ്യാകട്ടെ. സ്വന്തനന്മയല്ല സമൂഹത്തിന്റെ നന്മ എന്ന മഹത്തായ ലക്ഷ്യം നേടാൻ നമുക്ക് ഇടയാകട്ടെ.

